# ഭാവിക്കുവേണ്ടിയുള്ള
# മുൻകരുതൽ


## വില്യം മക്ഡൊണാൾഡ്

പരിഭാഷ:
റോയി ഇ. ജോയി



Authentic™

HYDERABAD

***Bhaaviku Vendiyulla Munkaruthal***
(Malayalam)

Think of Your Future
by William MacDonald

First Malayalam edition 2014
ISBN: 978-93-83691-02-9

All rights reserved.
No part of this publication may be reproduced in any form or by any means, electronic, or mechanical, including photocopying, recording, or any information storage and retrieval system, without permission in writing from the publisher.

Published by
Authentic Books
Logos Bhavan, Suchitra Junction, Secunderabad 500 067, Andhra Pradesh.
www.authenticindia.in

Authentic Books is an imprint of Authentic Media, the publishing division of OM Books Foundation.

Printed and bound in India by
Authentic Media, Secunderabad 500 067

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ജീവിതത്തെ മാറ്റിയെഴുതുന്ന സത്യങ്ങൾ | 5 |
| 2. | ഒരേയൊരു ജീവിതം | 8 |
| 3. | എത്രയും ഹ്രസ്വമായ ജീവിതം | 12 |
| 4. | നിത്യത | 15 |
| 5. | സുവർണാവസരം | 17 |
| 6. | നിത്യതയ്ക്ക് ഉതകുന്ന വിദ്യാഭ്യാസം | 22 |
| 7. | നിങ്ങളുടെ ഭാവി നിങ്ങളുടെ കൈയിൽ | 26 |
| 8. | അഭിലാഷങ്ങൾ ബുദ്ധിപൂർവമായതോ...? | 29 |
| 9. | ജീവിതത്തിന്റെ വലിയ നിബന്ധനകൾ | 33 |
| 10. | ജീവന്റെ മഹത്തായ പ്രതിബദ്ധത | 40 |
| 11. | ജീവിതത്തിൽ തൊഴിലിന്റെ പങ്ക് | 45 |
| 12. | ഒഴികഴിവുകൾ | 51 |
| 13. | ആവേശപൂർവമായ ജീവിതം | 54 |

എൻ ജീവിതമാം കൈത്തിരി
അങ്ങേയ്ക്കായി എരിഞ്ഞടങ്ങിയതിനാൽ
എനിക്കെന്താനന്ദം മരിക്കുമ്പോൾ.

ഒരു പാപിയെ നേടാൻ ഞാൻ ചെലവാക്കിയതെല്ലാം
ധനമോ അധ്വാനമോ, ആ പാത
ദുർഘടമായിരുന്നല്ലോയെന്നോർത്തു തപിക്കുന്നില്ല.

നിൻ തിരുപ്പാദങ്ങൾ എൻ മുമ്പേ പോയത് എത്ര നന്ന്.
എൻ ജീവിതമാം കൈത്തിരി
അങ്ങേയ്ക്കായി എരിഞ്ഞുതീർന്നതിനാൽ
എനിക്കെന്താനന്ദം മരിക്കുമ്പോൾ.

*—തിരഞ്ഞെടുത്തത്.*

# 1
# ജീവിതത്തെ മാറ്റിയെഴുതുന്ന സത്യങ്ങൾ

ഒരു മഹൽസത്യം ഒരു മനുഷ്യന്റെ ജീവിതത്തെയാകമാനം മിക്കപ്പോഴും സ്വാധീനിക്കാറുണ്ട്. വർഷങ്ങളായി സാ മട്ടിലുള്ള ജീവിതം നയിച്ചുവരവെ സംഗതിവശാൽ പ്രചോദനത്തിന്റെ ഒരു വാക്കോ വാക്യമോ അവൻ കാണുന്നു. അന്നു മുതൽ താൻ പഴയ വ്യക്തിത്വത്തിനുടമയല്ല. അവന്റെ ജീവിതത്തിന്റെ ദിശ മാറിയിരിക്കും.

അതാണ് ഹഡ്സൺ ടെയ്ലറിന്റെ കഥ. തന്റെ പിതാവിന്റെ ഗ്രന്ഥശേഖരത്തിലൂടെ പരതിക്കൊണ്ടിരുന്നപ്പോൾ, "ക്രിസ്തുവിന്റെ നിവൃത്തിയായ പ്രവൃത്തി" എന്നൊരു പ്രയോഗം കണ്ടു. ഈ സത്യം അവനെ ഗ്രസിച്ചു. ക്രിസ്തു തന്റെ വേല തികെച്ചുവെങ്കിൽ, രക്ഷകനിൽ വിശ്വസിക്കുക എന്നതല്ലാതെ മറ്റൊന്നും താനിനി ചെയ്യേണ്ടതില്ല. അവന്റെ ആത്മാവ് വെളിച്ചത്താലും സമാധാനത്താലും നിറഞ്ഞു കവിഞ്ഞു. ചില വർഷങ്ങൾക്കുശേഷം, ചൈനയുടെ ഉൾപ്രദേശങ്ങളിൽ സുവിശേഷമെത്തിക്കുവാൻ ഹഡ്സൺ ടെയ്ലർ പോയി. അങ്ങനെയാണ് 'ചൈന ഇൻലാൻഡ് മിഷൻ' ആരംഭിച്ചത്.

സിൻസെൻഡോർഫ് പ്രഭുവിന്റെ കാര്യത്തിലും അതാണു സംഭവിച്ചത്. യുവാവായ താൻ ജർമനയിൽ ഒരു ദിവസം ക്രൂശിതനായ ക്രിസ്തുവിന്റെ ഒരു ചിത്രത്തിനു മുമ്പിൽ നിൽക്കുകയായിരുന്നു. ആ ചിത്രത്തിനു താഴെയായി ഈ വാക്യമെഴുതിയിരുന്നു: "നോക്കൂ, ഇതു ഞാൻ നിനക്കുവേണ്ടിയാണു ചെയ്തത്."

ഹൃദയനുറുക്കത്തോടുകൂടെ സിൻസെൻഡോർഫ് ആ സത്യം ഗ്രഹിക്കുകയും കർത്താവിനെ തന്റെ രക്ഷകനായി അംഗീകരിക്കുകയും ചെയ്തു. തുടർന്നു മുഖമുയർത്തി നോക്കിയ താൻ അടുത്തതായി കണ്ടത് ഏറ്റവും താഴെ എഴുതിയിരുന്ന വാചകമാണ്: "നീ എനിക്കുവേണ്ടി എന്താണു ചെയ്തത്?"

ആ ചോദ്യത്തിനു മുന്നിൽ അവൻ കർത്താവിനുവേണ്ടി തന്നെ ത്തന്നെ പൂർണമായി സമർപ്പിച്ചു. ഇന്ന് മൊറേവിയൻ മിഷനറിപ്ര സ്ഥാനത്തിന്റെ ചരിത്രത്തിൽ സുഗന്ധം പരത്തുന്ന ഒരു പേരാണ് അദ്ദേഹത്തിന്റേത്. അതേപോലൊരു കഥയാണ് ഡി.എൽ. മൂഡി യുടേത്. ഇംഗ്ലണ്ടിലെ ഒരു സുവിശേഷമഹായോഗത്തിനുശേഷം പ്രസിദ്ധ ഇംഗ്ലിഷ് പ്രസംഗകനായ ഹെൻട്രി വാർലിയോടു വിടപറ യുകയായിരുന്നു അദ്ദേഹം. പിരിയും മുമ്പ് വാർലി ഇങ്ങനെയൊരു വെല്ലുവിളി കൊടുത്തു: "മിസ്റ്റർ മൂഡീ, ദൈവഹിതം ചെയ്യുവാൻ സമ്പൂർണമായി സമർപ്പിച്ച ഒരുവനെക്കൊണ്ട് ദൈവം എന്തു ചെയ്യുവാൻ പോകുന്നുവെന്ന് ലോകം കാണാൻ പോകുന്നതേയു ള്ളൂ." ഈ ശക്തമായ വാക്കുകൾ മൂഡിക്കു തന്റെ മനസ്സിൽനിന്നു മായ്ക്കാനായില്ല. ആ വാക്കുകൾ തന്നെ ഹേമിച്ചുകൊണ്ടിരുന്നു.

"കപ്പലിലായിരുന്നപ്പോൾ തിരമാലകളിൽ ആ വാക്കുകൾ അലയ ടിച്ചു; ന്യൂയോർക്കിലൂടെ നടന്നപ്പോൾ അവിടത്തെ പാതയോരങ്ങ ളിൽ ആ വാക്കുകൾ ആലേഖനം ചെയ്തിരിക്കുന്നതായി തോന്നി; ചിക്കാഗോയിലേക്കു ട്രെയിനിൽ യാത്രചെയ്തപ്പോൾ പ്രകൃതി യുടെ പച്ചവിരിപ്പുകളിൽ ആ വാക്കുകൾ പൊന്തിവന്നു." തന്റെ പില്ക്കാല ജീവിതത്തെ മുഴുവനും ആ വാക്കുകൾ സ്വാധീനിച്ചു. തന്റെ പ്രയത്നങ്ങൾ ആ വാക്കുകളുടെ പ്രഭാവത്തിന് ഇന്നും സാക്ഷ്യം വഹിക്കുന്നു.

നൂറുകണക്കിനാളുകൾക്ക് ഇതേ കഥതന്നെ പറയുവാനുണ്ട്. അശ്രദ്ധരായി ജീവിതം നയിച്ചുവരുമ്പോഴാണ് അപ്രതീക്ഷിതമായി ഈ മഹാ സത്യങ്ങൾ അവർ കണ്ടെത്തിയത്. അതിന്റെ യുക്തി യാലും വികാരത്താലും അവർ പിടിക്കപ്പെട്ടു. അവരുടെ മനസ്സി നും ഹൃദയത്തിനും അത് തീ കൊളുത്തി. അവർക്ക് അടങ്ങിയിരി ക്കാനായില്ല. ഒരു വലിയ ദർശനമേറ്റെടുത്തുകൊണ്ട് ദൈവത്തിനു വേണ്ടി അവർ ചരിത്രം തിരുത്തിക്കുറിച്ചു.

നമ്മുടെ ജീവിതത്തിലും അതു സംഭവിക്കാം! സത്യം നിത്യമാ യതാണ്. ആ മഹൽപ്രസ്താവനകൾ മറ്റുള്ളവരെ സ്വാധീനിച്ച് അവരുടെ ജീവിതത്തെ വിപ്ലവകരമായി മാറ്റിയതുപോലെ നമ്മുടെ ജീവിതത്തെ ഫലവത്താക്കുകയും, ഇപ്പോഴത്തേക്കും നിത്യതയ് ക്കും വേണ്ടി വിജയം കൊയ്തെടുക്കുകയും ചെയ്യും.

അതിനു നാം തയ്യാറായെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. ശാന്തമായിരുന്നു ശ്രദ്ധിച്ചുകേൾക്കുവാൻ താല്പര്യമുണ്ടെങ്കിലേ കഴിയുകയുള്ളൂ. ആത്മാർഥമായും ധീരമായും ഈ സത്യങ്ങൾ നാം അഭിമുഖീകരിച്ചാൽ മാത്രം! ഇതിന്റെ ന്യായമായ പരിണാമം എന്താണെന്നു ചിന്തിച്ചുറപ്പിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ മാത്രമേ പറ്റുകയുള്ളൂ. ബുദ്ധിപൂർവം പ്രതീക്ഷിച്ചും യുക്തമായി പ്രവർത്തിച്ചും വിട്ടുമാറാതെ പിന്തുടരുകയും ചെയ്താൽ മാത്രമേ വിജയം സാധ്യമാകയുള്ളൂ.

എല്ലാം അതിലാശ്രയിച്ചിരിക്കുന്നു. മഹത്വകരമായ ആ ദർശനം പിന്തുടരാൻ നാം തയ്യാറാണോ? തുടർന്നു വായിക്കും മുമ്പേ താഴെ കൊടുക്കുന്ന ചോദ്യങ്ങൾക്കു ദൈവസന്നിധിയിൽ ഉത്തരം കൊടുക്കണം:

*ദൈവം എന്നോടു സംസാരിക്കുന്നതിൽ എനിക്കു താൽപ്പര്യമുണ്ടോ?*

*നിബന്ധനകളില്ലാതെ ഞാൻ ദൈവത്തെ അനുസരിക്കുമോ?*

*ദൈവത്തിനുവേണ്ടി വിട്ടുകളയുവാൻ താൽപ്പര്യമില്ലാത്ത എന്തെങ്കിലും എന്നിലുണ്ടോ?*

# 2
# ഒരേയൊരു ജീവിതം

ഈ ഭൂമിയിൽ നാം ഒരിക്കൽ മാത്രമേ ജീവിക്കുകയുള്ളൂവെന്ന അത്ഭുതയാഥാർത്ഥ്യം നിശ്ചയമായും നാം കണക്കിലെടുക്കണം. എങ്കിൽ മാത്രമേ ഇവിടത്തെ നമ്മുടെ അസ്തിത്വത്തെക്കുറിച്ച് നേരാംവണ്ണം ചിന്തിക്കുവാനാകയുള്ളൂ. മൂർച്ചയേറിയ ഈ സത്യത്തിൽനിന്നു നമുക്കു തുടങ്ങിക്കൂടേ?

## ഒരേയൊരു ജീവിതം

കർത്താവായ യേശുവിന്റെ ജീവിതത്തിലെ മഹത്തായ പ്രേരകശക്തികളിലൊന്ന് ഇതായിരുന്നുവെന്ന് യോഹന്നാൻ 9:4–ലെ തന്റെ വാക്കുകൾ കാണിക്കുന്നു: "എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളിടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രിവരുന്നു."

"പകൽ ഉള്ളിടത്തോളം." "രാത്രിവരുന്നു." "ഒരേയൊരു ജീവിതം." ചുട്ടുപഴുത്ത കമ്പികൾപോലെ നമ്മുടെ ആത്മാവിലേക്ക് ഈ വാക്കുകൾ കുത്തിക്കയറിയെങ്കിൽ മാത്രമേ ഇവ നമ്മൾ മറക്കാതിരിക്കുകയുള്ളൂ. ഓരേയൊരു ജീവിതം! ഒരേയൊരു ജീവിതം! ഉച്ചരിക്കുവാനാവാത്തവിധം വിശുദ്ധം!

ആ ജീവിതത്തിന്റെ മൂല്യമെന്താണെന്നു നാം ചിന്തിക്കണം! എന്റെ ജീവിതം എനിക്ക് എത്ര വിലപ്പെട്ടതാണ്? അതൊന്നു എക്സേഞ്ചു ചെയ്യുകയാണെങ്കിൽ ഞാനെത്ര രൂപ അതിന് ഈടാക്കും? തീർച്ചയായും ആർക്കും അതിനൊരു വില കൽപ്പിക്കുവാനാകയില്ല. എന്തുകൊണ്ടെന്നാൽ അത് നമുക്ക് അത്രയ്ക്കു വിലപ്പെട്ടതാണ്.

ജീവിതത്തിന്റെ സാധ്യതകളെക്കുറിച്ചും നാം ചിന്തിക്കണം. ഈ ലോകത്തിൽ പിറന്നുവീഴുന്ന ഓരോ ആൺകുട്ടിയും ഒരു യോഹന്നാനോ യൂദായോ, ഒരു പൗലോസോ പീലാത്തോസോ ആയിരിക്കും! നന്മയ്ക്കും തിന്മയ്ക്കും, ഫലപ്രദമാകുന്നതിനും

വിഫലമാകുന്നതിനും, സന്തോഷത്തിനും സന്താപത്തിനും ഉള്ള സാധ്യതകൾക്ക് അതിരുകളില്ല.

ഈ വസ്തുതകൾ നാം മനസ്സിലാക്കുമ്പോൾ, ജീവിതം വിശുദ്ധമായ ഒരു ഉത്തരവാദിത്വമാണെന്നു നാം തിരിച്ചറിയും. അതു പാഴാക്കിക്കളയാൻ പാടില്ല. എത്രയും നല്ല കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി അതു നാം സമർപ്പിക്കണം.

*ഇതു മനുഷ്യന്റെ കുട്ടിക്കളിക്കുവേണ്ടിയല്ല-*
*ജീവിതം ഹ്രസ്വമാണ്.*
*പാപം വാതിൽക്കലുണ്ട്.*
*നമ്മുടെ ആയുസ്സ് ഇലപൊഴിയുംപോലെ,*
*അടർന്നുവീഴുമൊരു കണ്ണീർത്തുള്ളിപോലെ.*
*വിനോദത്തിൽ രസിച്ചുകളയുവാൻ നമുക്കു സമയമില്ല;*
*നമ്മുടെ പോലൊരു ലോകത്തിൽ ഏവരും-*
*കർത്തവ്യബോധമുള്ളവരാകണം.*
*പല ജീവിതങ്ങളില്ല നമുക്ക്, ഒന്നേയൊന്നു മാത്രം-*
*ഒന്ന്, ഒന്നുമാത്രം; ആ ജീവിതം എത്ര-*
*പവിത്രമായിരിക്കണം, ആ ചുരുങ്ങിയ സമയപരിധി!*
*അനുദിനമനുദിനം അനുഗൃഹീതയധ്വാനം-*
*നിറഞ്ഞുവരുന്നു, യാമങ്ങൾ കഴിയുന്തോറും-*
*പുത്തനനുഭവങ്ങൾ കൊണ്ടുവരുന്നു.*

*—ഹോറേഷ്യസ് ബോണർ.*

"പല ജീവിതങ്ങളില്ല!" "ഒന്ന് ഒന്നുമാത്രം!" "ചുരുങ്ങിയ സമയപരിധി!" ഈയൊരു ജീവിതത്തിന്റെ പ്രാധാന്യം ചിത്രീകരിക്കുവാൻ സി.ഇ. തഥാം സാധാരണ ഉപയോഗിക്കാറുള്ള ഒരുദാഹരണം ഓർമയിൽ വരുന്നു. അമ്മയോടൊപ്പം കടയിൽപോയ ഒരു കൊച്ചുപെൺകുട്ടി, സാധനങ്ങളൊക്കെ വാങ്ങിയശേഷം അവൾക്കിഷ്ടമുള്ള മിഠായി വാങ്ങുവാൻ അമ്മ പൈസ കൊടുത്തു. കണ്ണാടിക്കുപ്പികളിൽ സ്വാദുള്ള, നാവിൽ രസമൂറുന്ന, വിവിധ വർണങ്ങളിലുള്ള മിഠായികൾ നിരത്തിവെച്ചിരിക്കുകയാണ്. ഒരെണ്ണം ചൂണ്ടിക്കാട്ടിയിട്ട് "അതെനിക്കുവേണം" എന്നു പറയും. കടക്കാരൻ അതെടുക്കാൻ കയ്യിടുമ്പോൾ, "അയ്യോ! അതല്ല, മറ്റേതാണു വേണ്ടത്" എന്നു പറഞ്ഞ് അടുത്ത കുപ്പി ചൂണ്ടിക്കാണി

ക്കും. കടക്കാരൻ ആ കുപ്പി തുറക്കുമ്പോഴേക്കും അവളുടെ ശ്രദ്ധ മറ്റൊന്നിൽ പതിയും. കുറെ കഴിഞ്ഞപ്പോൾ അക്ഷമയായ അമ്മ അവളെ വഴക്കുപറഞ്ഞു. "മോളേ, പെട്ടെന്ന് ഒരെണ്ണം എടുക്കുന്നുണ്ടോ?" പെൺകുട്ടി തിരിഞ്ഞ് ഇങ്ങനൊരു ന്യായം പറഞ്ഞു: "അതിനു മമ്മീ, എന്റെ കയ്യിൽ ഒരു രൂപയല്ലേ ഒള്ളൂ. അതു വെറുതെ കളയാനൊക്കുമോ?"

"ഒരു രൂപയേ ഉള്ളൂ!" "ഒരേയൊരു ജീവിതം!" അതു ബുദ്ധിപൂർവം ഉപയോഗിക്കുവാൻ ഓർക്കുക.

ഇതു നമ്മെ നിരന്തരം ഓർമിപ്പിക്കേണം. ബ്രിട്ടനിലെ നാടുനീങ്ങിയ ജോർജ് അഞ്ചാമൻ രാജാവ് മറക്കാതിരിക്കാൻ തന്റെ മേശപ്പുറത്ത് ഒരു ആദർശസൂക്തം എഴുതിവെച്ചിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന അമേരിക്കൻ ക്വയ്ക്കർ വിശ്വാസിയായ സ്റ്റീഫൻ ഗ്രെല്ലെറ്റ് എഴുതിയതാണിത്:

> ഞാനീ ലോകത്തിലൂടെ ഒരിക്കൽ മാത്രം പോകും, അതുകൊണ്ട് ഒരു മനുഷ്യജീവിക്ക് എന്തെങ്കിലും നന്മചെയ്യാനോ എന്തെങ്കിലും സഹായം ചെയ്യാനോ ആകുന്നുവെങ്കിൽ ഞാനിപ്പോൾ ചെയ്യണം. ഞാനതു മാറ്റിവയ്ക്കാൻ പാടില്ല, അവഗണിക്കാൻ പാടില്ല, കാരണം ഇതുവഴി ഞാനിനി കടന്നുപോകയില്ല.

ഈ ഭൂമിയിലെ അല്പനാളത്തെ ജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എവിസ് ബി. ക്രിസ്റ്റ്യൻസെൻ അവരുടെ കവിതകളിലൊന്നിൽ വ്യക്തമാക്കിയിട്ടുണ്ട്:'

യേശുവേ, എന്റെ കർത്താവും രാജാവുമേ,
ഒരേയൊരു ജീവിതം മാത്രം അർപ്പിക്കുവാൻ
അവിടത്തെ കരുണ പാടുവാൻ, സ്തുതി പാടുവാൻ
ഒരേയൊരു നാവു മാത്രം
ഹൃദയത്തിന്റെ ഒരു ധ്യാനം—രക്ഷകാ,
അതു പവിത്രമാകട്ടെ,
നിൻ നിരുപമ മഹത്വത്തിനായി സമർപ്പിക്കുന്നു
സർവതും അങ്ങേയ്ക്കായ്.

കർത്താവേ, ഈയൊരു നാഴിക മാത്രം എന്റേത്;
അത് അങ്ങേയ്ക്കായ് ഉപയോഗിക്കട്ടെ;
കടന്നുപോകുമോരോ നിമിഷങ്ങളും നിത്യതയുടെ

ഭാഗമാണ്; ആത്മാക്കൾ മരിക്കുന്നു ചുറ്റുപാടും,
പാപത്തിലും ലജ്ജയിലും മരിച്ചുവീഴുന്നു;
നിൻ മഹത്വമേറും നാമത്തിലുള്ള
കാൽവറിയുടെയീ രക്ഷാസന്ദേശം
അവരുടെ അടുത്തെത്തിക്കുവാൻ എന്നെ സഹായിക്കൂ.
ഒരൊറ്റ ജീവിതമേയുള്ളൂ അർപ്പിക്കുവാൻ
സ്വീകരിച്ചാലും പ്രഭോ,
ഒന്നും ഞാൻ മാറ്റിവെക്കുന്നില്ല തിരുമുമ്പിൽനിന്ന്,
തിരുഹിതം ഞാനനുസരിക്കുമിപ്പോൾ, എൻ രക്ഷകാ,
അങ്ങേയ്ക്കുള്ളതെല്ലാം ദാനമായി എനിക്കു നല്കിയോനേ,
അങ്ങേയ്ക്കു മാത്രമായുപയോഗിക്കുവാനീ
ജീവിതം എടുത്തുകൊള്ളുക,
ഓരോ നിമിഷവും അവിടത്തേക്ക്.

ജീവിതമാറ്റം വരുത്തുവാൻ ശക്തിയുള്ളതായ 'ഒരേയൊരു ജീവിതം' എന്ന ഈ മഹാസത്യത്തെ നമുക്ക് അഭിമുഖീകരിക്കാം. എന്നിട്ടു നമുക്കു നമ്മോടു തന്നെ സത്യസന്ധമായി ചോദിക്കാം, ഇതിന്റെ വെളിച്ചത്തിൽ നമ്മുടെ പ്രവൃത്തികളും ആഗ്രഹങ്ങളും യോഗ്യമായതാണോ?

---

1. Low Voice No. 1 Hymn Book (Chicago: Moody Press, 1954), #10.

# 3

# എത്രയും ഹ്രസ്വമായ ജീവിതം

ഒരേയൊരു ജീവിതമേയുള്ളൂ എന്ന വസ്തുതയുടെ ചെറിയൊരു പരിഗണന തന്നെ ഞെട്ടലുണ്ടാക്കുന്നതാണ്. എങ്കിൽ ജീവിതത്തിന്റെ ലഘുത്വം എന്ന വിഷയത്തിന്റെ ധ്യാനം എത്രത്തോളം ആഘാതമേൽപ്പിക്കും. നമ്മുടെ ജീവൻ ആയിരമോ അഞ്ഞൂറോ വർഷം വരെ നീളുമെങ്കിൽ ഒരേയൊരു ജീവിതം എന്ന വസ്തുത അത്ര തിടുക്കം ജനിപ്പിക്കുവാൻ സാധ്യതയില്ല. പക്ഷേ, ഈ ഭൂമുഖത്തു ജീവിക്കുന്ന നാമാരും തന്നെ നൂറു വർഷങ്ങളോ, അതിലേറെപ്പേരും അതിന്റെ പകുതിപോലുമോ ജീവിക്കുകയില്ലെന്നു ഗ്രഹിക്കുമ്പോൾ, ജീവന്റെ ശ്രീഘ്രഗതിയോർത്ത് ആർക്ക് അടങ്ങിയിരിക്കാനാവും.

എത്രനാൾ ജീവിക്കുവാനാണ് താങ്കൾ ആഗ്രഹിക്കുന്നത്? ബൈബിളിൽ പറഞ്ഞിരിക്കുന്ന ശരാശരി ആയുസ്സ് എഴുപതോ എൺപതോ വർഷങ്ങളാണ് (സങ്കീ. 90:10). നിങ്ങൾ അത്രയും വർഷങ്ങൾ ജീവിക്കുമെന്ന് ഒരു നിമിഷം കരുതുക. ആദ്യം ചെയ്യേണ്ടത് അതിൽനിന്ന് നിങ്ങളുടെ ഇപ്പോഴത്തെ പ്രായം കുറയ്ക്കുക എന്നതാണ്. അപ്പോളറിയാം ഇനിയും എത്ര വർഷം കൂടെ ജീവിക്കാൻ സാധ്യതയുണ്ടെന്ന്. ഇതിൽനിന്ന് ഉറങ്ങുവാൻ ചെലവാക്കുന്ന സമയവും, തൊഴിലിനും മറ്റു പണികൾക്കും വേണ്ടുന്ന സമയവും, രോഗത്തിലും ബലഹീനതയിലും ആയിരിക്കുന്ന സമയവും കുറയ്ക്കുക. യേശുക്രിസ്തുവിനുവേണ്ടി സ്വതന്ത്രമായി, തടസ്സമില്ലാതെ പ്രവർത്തിക്കുവാൻ എത്രസമയം ശേഷിച്ചിട്ടുണ്ട്? ഉത്തരമിതാണ്: “അധികം ശേഷിച്ചിട്ടില്ല!” ജീവന്റെ ക്ഷണികത്വത്തെ എടുത്തുകാട്ടുവാൻ തിരുവചനത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ നോക്കുക:

മോശ അതിനെ ഉറക്കത്തോടു താരതമ്യം ചെയ്യുന്നു.

ദാവീദ് അതിനെ നിഴലെന്നു പറയുന്നു.

ഇയ്യോബ് അതിനെ നെയ്ത്തുകാരന്റെ ഓടത്തെക്കാൾ വേഗ തയുള്ളതെന്നു പറയുന്നു.

യാക്കോബ് അതിനെക്കുറിച്ച് ആവിയെന്നു ചിന്തിക്കുന്നു.

പത്രോസ് അതിനെ ഉണങ്ങിപ്പോകുന്ന പുല്ലിനോട് സദൃ ശമാക്കുന്നു.

മിന്നൽവേഗത്തിൽ നിർദയമായി അതിന്റെ തിളക്കങ്ങളോടെ വരുകയും പോവുകയും ചെയ്യുന്നു. ഇവിടെയാണു സ്ഥിരവാസ മെന്ന അലസമനോഭാവത്തെ മോർച്ചറിയും ശവവണ്ടിയും ശവക്ക ല്ലറയും ചേർന്നു പരിഹസിക്കുന്നത്. "തൊട്ടിലും ശവപ്പെട്ടിയും ഒരേ മരത്തിന്റെ തടിയിൽനിന്നു നിർമിച്ചതാണ്" എന്ന മുന്നറിയിപ്പു നൽകാതെ ഒരു ദിവസംപോലും കടന്നുപോകുന്നില്ല.[1]

ക്രിസ്ത്യാനിയുടെ പ്രത്യാശ മരണമല്ല, കർത്താവിന്റെ വര വാണ് എന്ന് ആരെങ്കിലും തർക്കമുന്നയിച്ചെന്നിരിക്കട്ടെ, എന്നാൽ ജീവിതത്തിന്റെ അനിശ്ചിതത്വത്തെക്കുറിച്ചുള്ള വാദം ശക്തമാ വുകയാണ്. വാസ്തവത്തിൽ നമ്മിൽ ചിലർക്ക് മരിക്കാതെ ചില ദശകങ്ങൾകൂടി ജീവിച്ചിരിക്കുമെന്ന പ്രതീക്ഷയുണ്ടെന്നിരിക്കട്ടെ, എന്നാൽ രക്ഷകന്റെ വരവിന്റെ അടയാളമായ ദൈവത്തിന്റെ കാഹളനാദം, ആ ആർപ്പുവിളിക്ക് ഒരു മണിക്കൂർ മുമ്പുവരെ ജീവ നോടിരിക്കാനാവുമെന്ന് തോന്നുന്നില്ല. രാഷ്ട്രപരമായ വികസന ങ്ങളും ധാർമികമായ അപച്യുതികളും കർത്താവിന്റെ വരവ് അടു ത്തിരിക്കുന്നുവെന്ന പ്രവചനത്തെ ശരിവെക്കുന്നു.

ഇതിന്റെ അർഥമെന്താണ്? ലളിതമാണത്—ദൈവത്തിനുവേണ്ടി ജീവിക്കുവാൻ ചിന്തിക്കുന്ന ആരും സമയം പാഴാക്കരുത്. ഓരോ നിമിഷവും പവിത്രമായ ഒരു ചുമതലയായി കാണണം. ഓരോ മണിക്കൂറും അമൂല്യമാണെന്നു മനസ്സിലാക്കണം. ഓരോ ദിവ സവും വേഗത്തിൽ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കുവാൻ തയ്യാറെടുക്കണം.

മാസിഡോണിലെ ഫിലിപ്പിനോട് ഒരടിമപെൺകുട്ടി എന്നും പറയുമായിരുന്നു: "ഫിലിപ്പേ, നീ മരിക്കുമെന്ന് ഓർത്തുകൊ ള്ളുക!" രക്ഷപ്പെടാനാവാത്ത ആ വസ്തുതയുടെ വെളിച്ചത്തി ലാണ് ഓരോ ദിനവും അവൻ ജീവിച്ചത്.

എല്ലാ പ്രഭാതത്തിലും ബൈബിളിൽകൂടി പരിശുദ്ധാത്മാവ്

നമ്മെ ഓർമിപ്പിക്കുന്നു, "ഒരു ദിവസത്തേക്കു മാത്രം ജനിച്ചിരിക്കുന്ന, തകരുന്ന കളിമൺപാത്രങ്ങളാണ്" നാം. നിത്യതയുടെ വെളിച്ചത്തിൽ വേണം നമ്മുടെ ജീവിതം നയിക്കുവാൻ.

ഈ നാഴികകളുടെ മൂല്യമറിയുവാനെന്നെ സഹായിച്ചാലും/ എല്ലാ ചവറിന്റെയും ഭോഷത്തം കാണുവാനെന്നെ സഹായിച്ചാലും/ എന്റെ ദുഃഖങ്ങൾ ചുമന്ന ക്രിസ്തുവിനെ ആശ്രയിപ്പാനെന്നെ സഹായിച്ചാലും/ ജീവനോ മരണമോ, നിന്നിൽ തന്നെ ചാരുവാൻ/ എന്റെ സർവദിനങ്ങളിലും കാർത്താവാമേശുവേ, മഹത്വമെടുത്താലും,/ എന്റെ സർവപാതകളിലും തിരുക്കണ്ണാലെന്ന നയിച്ചാലും/ കർത്താവാമേശുവേ, തിരുഹിതമെപ്പോഴോ അപ്പോഴെന്നെ ഉപയോഗിച്ചാലും/ അന്നേരം എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നത് ലാഭവും.[2]

ഇന്നത്തേക്കും നാളത്തേക്കും വരും ദിവസങ്ങളിലേക്കും താങ്കളുടെ പദ്ധതികളെന്താണ്?

*അതിനുശേഷമോ?*

1. Will Houghton, BY LIFE OR BY DEATH (Poem), Copyright 1938 by George S. Schuler. Hope Publishing Company, owner.
2. അതേ പുസ്തകത്തിൽനിന്ന്.

# 4
# നിത്യത

സമയത്തിന്റെ ലഘുത്വം ഒരു നഗ്നയാഥാർഥ്യമാണെങ്കിൽ നിത്യതയുടെ അന്തമില്ലായ്മ എത്ര അത്ഭുതാവഹമായിരിക്കും. നിത്യതയുടെ പര്യായമായ 'അനന്തത' എന്ന വാക്കുപോലെ മനസ്സിലാക്കാൻ കടുപ്പമുള്ള മറ്റു വാക്കുകൾ അധികമില്ല. ആ വാക്കിന്റെ പിടികിട്ടാത്ത സ്വഭാവം അറിയുവാൻ ഇതൊന്നു ചിന്തിച്ചു നോക്കുക. ലോകം സൃഷ്ടിക്കപ്പെടുന്നതിനു മുമ്പുള്ള സമയത്തെക്കുറിച്ച് ചിന്തിക്കുക, എന്നിട്ട് ദൂതന്മാരും സൃഷ്ടിക്കപ്പെടുന്നതിനു മുമ്പുള്ള സമയം, എന്നിട്ട് അതിനും മുമ്പ് ദൈവമല്ലാതെ മറ്റൊന്നും ഇല്ലാതിരുന്ന സമയത്തെക്കുറിച്ച് ചിന്തിക്കുക. വീണ്ടും പിന്നെയും പിന്നെയും 'പിന്നോട്ടു പോയി' ആരംഭമില്ലാത്ത ആദിയെക്കുറിച്ച് ചിന്തിക്കുക. പിന്നോട്ട്, പിന്നോട്ട് പോവുക. ദൈവം എന്നും ഉണ്ടായിരുന്നു. അവനൊരിക്കലും ആരംഭമുണ്ടായിട്ടില്ല.

ഇനി ഭാവിയിലേക്കു നിങ്ങളുടെ ചിന്തയെ കൊണ്ടുവരിക—ഭൂമി നശിപ്പിക്കപ്പെട്ടതിനുശേഷം, പാപം അപ്രത്യക്ഷമായതിനുശേഷം. മുന്നോട്ട്, മുന്നോട്ട്, മുന്നോട്ട് പോവുക. എന്നേക്കും എന്നേക്കും എന്നെന്നേക്കും. അന്തമില്ല, അന്തമില്ല, ഒരന്തവുമില്ല. നിങ്ങൾ ഇതിനെക്കുറിച്ച് ചിന്തിച്ചു തലപുകയുകയായിരിക്കും. ഓർക്കുക, നിങ്ങൾ നിത്യമായി ജീവിക്കുവാൻ പോവുകയാണ്. എന്നേക്കും എന്നെന്നേക്കും! അന്തമില്ലാത്ത ജീവിതം!

നിത്യതയുടെ അർഥം ഗ്രഹിക്കുവാൻ മനുഷ്യൻ എത്ര പരിശ്രമിച്ചുവെന്നറിയാമോ! ഉദാഹരണമായി, അപര്യാപ്തമെങ്കിലും ഹെൻഡ്രിക് വാൻ ലൂൺ ഈ ക്ലാസിക് ചിത്രീകരണം നമുക്കു നൽകിയിട്ടുണ്ട്:

> അങ്ങ് ഉയരെ ഉത്തരദിക്കിൽ സ്വിത്ത്യോട് എന്നൊരു ദേശത്ത് ഒരു പാറ ഉയർന്നു നിൽക്കുന്നു. അതിനൊരു നൂറുമൈൽ ഉയരമുണ്ട്, നൂറുമൈൽ വീതിയുണ്ട്. ഒരായിരം വർഷത്തിലൊരിക്കൽ ഒരു ചെറു പക്ഷി പറന്നുവരും, പാറമേൽ അതിന്റെ ചുണ്ടുരച്ചു മൂർച്ചയാക്കുവാൻ. എന്നീ പാറ ഉരഞ്ഞുരഞ്ഞു തീരുമോ, അന്ന് നിത്യതയുടെ ഒരു ദിനം കുറഞ്ഞുപോകും.

റോളൻഡ് ഡിക്സൺ നിത്യത ചിത്രീകരിച്ചതു കാണുക:

> ഒരു കപ്പലിൽനിന്ന് ഒരു 'തിമ്പിൾ' (കുമ്പിൾ?) നൂലിൽക്കെട്ടി താഴേക്കിടുക, അതു നിറയെ ഉപ്പുവെള്ളം സമുദ്രത്തിൽനിന്നു കോരി മുകളിലെത്തിക്കുക. നിത്യതയുടെ സമുദ്രത്തിൽനിന്ന് എടുത്തു മാറ്റിയ സമയത്തിന്റെ പ്രതീകമാണത്.

നിത്യത, തീരങ്ങളില്ലാത്ത മഹാസമുദ്രമാണ്. അത് അന്തമില്ലാത്ത സമയമാണ്. അത് എന്നെന്നേക്കുമായ വർത്തമാനകാലത്തിന്റെ നിരന്തരനിമിഷമാണ്. അത് ദൈവത്തിന്റെ ആയുഷ്കാലമാണ്. ഈ ആശയത്തിന്റെ ഭാരത്തിനടിയിൽ വാക്കുകൾ ഞരങ്ങുകയും മൂളുകയും ചെയ്യുന്നു. നിത്യതയുടെ അനന്തമായ തീരങ്ങളിലെ ഒരു ചെറുമൺതരിയാണ് ജീവിതം എന്ന അപ്രതിഷേധ്യ വസ്തുത അംഗീകരിക്കാത്തവൻ യുക്തിയുള്ളവനാണെന്ന് അവകാശപ്പെടാനാവില്ല. ഒരുവന്റെ ജീവിതം മുഴുവൻ ഇതിന്റെ വെളിച്ചത്തിലായിരിക്കണം രൂപപ്പെടേണ്ടത്. അവൻ നിത്യതയുടെ മൂല്യങ്ങൾക്കനുസരിച്ചായിരിക്കണം ജീവിക്കേണ്ടത്.

മിലാനിലെ കത്തീഡ്രലിന് മൂന്നുവാതിലുകൾ ഉണ്ടെന്നാണു പറയുന്നത്. ആദ്യത്തെ വാതിലിന്മേൽ റോസാപ്പൂക്കളുടെ ഒരു റീത്ത് കൊത്തിയുണ്ടാക്കിയിട്ട് ഈ വാക്യം ആലേഖനം ചെയ്തിരിക്കുന്നു, "നമ്മെ സന്തോഷിപ്പിക്കുന്നതെല്ലാം ഒരു നിമിഷത്തേക്കു മാത്രം." മൂന്നാമത്തെ വാതിലിന്മേൽ കുരിശ് കൊത്തിയുണ്ടാക്കിയിട്ട് ഈ വാക്കുകളാണ് എഴുതിയിരിക്കുന്നത് "നമ്മെ ദുഃഖിപ്പിക്കുന്നതെല്ലാം ഒരു നിമിഷത്തേക്കു മാത്രം." നടുക്കത്തെ വാതിലിന്മേലാണ് ബാക്കിഭാഗം എഴുതിയിരിക്കുന്നത്, "നിത്യമായതേതോ അതാണു പ്രധാനമായത്."

അപ്പോൾ, ക്രിസ്ത്യാനികളെന്ന നിലയിൽ നിത്യത എന്ന വസ്തുതയെ നാം ഗ്രഹിക്കണം. ഈ ഗഹനമായ യാഥാർഥ്യവുമായി നാം തനിയെ ഒരു രഹസ്യ അറയിലെന്നപോലെ ബന്ധിക്കപ്പെടണം. എന്നിട്ടു നാം ഇറങ്ങി നടക്കുമ്പോൾ ഒരപൂർവ തിളക്കം നമ്മുടെ കണ്ണുകളിൽ ദർശിക്കും. നമ്മുടെ പ്രവൃത്തികൾ സമയത്തിനുള്ളിൽ പരിമിതപ്പെടുകയില്ല എന്നൊരു അപൂർവ നിശ്ചയദാർഢ്യം ഹൃദയങ്ങളിലുണ്ടാകും. ഇന്നത്തേക്കല്ല, അന്നത്തേക്കു നാം ജീവിക്കും!

---

Thimble (തിമ്പിൾ). സൂചികൊണ്ടു തയ്ക്കുമ്പോൾ വിരലിൽ സൂചിയുടെ കുത്തേൽക്കാതിരിക്കുവാനുള്ള ഒരു ചെറിയ വിരൽത്തൊപ്പി.

# 5
# സുവർണാവസരം

ജീവിതത്തിലെ അവസരങ്ങളെ അഭിമുഖീകരിക്കുവാൻ സത്യസന്ധമായി താല്പര്യപ്പെടുന്ന യുവക്രിസ്ത്യാനികൾ നിശ്ചയമായും ഒന്നു തിരിച്ചറിയണം, യൗവനമാണ് ഏറ്റവും വലിയ സുവർണാവസരം. ഒരുവന്റെ ആരോഗ്യം അതിന്റെ ഉച്ചസ്ഥായിയിൽ നിൽക്കുന്നതും നല്ല കാര്യശേഷിയുള്ളതും ഉത്സാഹം അതിന്റെ പൂർണയളവിൽ കാണുന്നതും യൗവനകാലത്താണ്.

ദൈവത്തിനു യൗവനക്കാരോട് പ്രത്യേക സ്നേഹമുണ്ടെന്നുള്ളത് യിരെമ്യാവ് 2:2-ൽ വ്യക്തമായി കൊടുത്തിരിക്കുന്നു: "മരുഭൂമിയിൽ, വിതയ്ക്കാത്ത ദേശത്തുതന്നെ, നീ എന്നെ അനുഗമിച്ചു നടന്ന നിന്റെ യൗവനത്തിലെ ഭക്തിയും, വിവാഹം നിശ്ചയിച്ച കാലത്തിലെ സ്നേഹവും ഞാൻ ഓർക്കുന്നു."

യുവത്വത്തിൽ ചിലതൊക്കെയുണ്ട്! ഒരു കണ്ടൻപൂച്ചയെക്കാളും കളിക്കുന്ന പൂച്ചക്കുട്ടിയെ നാം ഇഷ്ടപ്പെടും. പുൽത്തകിടിയിൽ മേയുന്ന കഴുതക്കുട്ടി രോമം കൊഴിഞ്ഞ മുതുകഴുതയെക്കാളും ആകർഷണീയമാണ്. നിങ്ങൾ എവിടെ യാത്രചെയ്താലും കുട്ടികളെ കാണുമ്പോൾ അവരോട് ഒരടുപ്പം തോന്നും. അവർ വയസ്സരാകാതെ കുട്ടികളായിത്തന്നെ ഇരുന്നെങ്കിലെന്ന് രഹസ്യമായി ആഗ്രഹിച്ചെന്നുമിരിക്കും.

അതുകൊണ്ട് ആത്മീയ തലത്തിൽ, യുവത്വത്തിന്റെ ഊർജസ്വലതയും, അതിന്റെ തീക്ഷ്ണമായ ആദ്യസ്നേഹവും ദൈവം പ്രത്യേകമായി പരിഗണിക്കുന്നു. യുവജനങ്ങളുടെ ശക്തിയും തീക്ഷ്ണതയും ധീരതയും ദൈവം ഇഷ്ടപ്പെടുന്നു. ദൈവത്തോടുള്ള അവരുടെ തികഞ്ഞ ഭക്തിയും തീവ്രമായ ശിഷ്യത്വവും മനഃപൂർവമായ പരിത്യാഗവും അവിടന്ന് ഓർക്കുന്നു. "...നിന്റെ യൗവനത്തിലെ ഭക്തിയും, വിവാഹം നിശ്ചയിച്ച കാലത്തിലെ സ്നേഹവും ഞാൻ ഓർക്കുന്നു."

വ്യക്തിയെക്കുറിച്ച് അറിയുന്നതിനെക്കാളും ശാസ്ത്രത്തെയോ സാഹിത്യത്തെയോ രാഷ്ട്രീയത്തെയോ കുറിച്ച് പഠിക്കുന്നതായിരിക്കും നിങ്ങളുടെ ജീവിതത്തിലെ വലിയ ആഗ്രഹം. ആ ലക്ഷ്യം നിങ്ങൾ സാധിച്ചേക്കാം. എന്നാൽ സ്വർഗത്തിൽ അതു നിങ്ങൾക്ക് എന്തു പ്രയോജനം ചെയ്യും? ഇത്തരം വലിയ ജീവിതത്തൊഴിലുകളെ നിത്യതയുടെ വെളിച്ചത്തിൽ വീക്ഷിക്കുമ്പോൾ അവ ഫലനമില്ലാത്തവയാണ്.

എന്നാൽ മറുവശത്ത്, ദൈവത്തിന്റെ വചനവുമായുള്ള ആഴമേറിയ പരിചയം നിത്യമായ മൂല്യവും പ്രാധാന്യവുമുള്ളതാണ്. തിരുവചനങ്ങളെക്കുറിച്ചു നാം ഇവിടെ പഠിക്കുന്നത് നിത്യതയ്ക്കുവേണ്ടിയുള്ള നിക്ഷേപമാണ്. കാരണം സ്വർഗത്തിൽ ബൈബിളുണ്ടായിരിക്കും. യേശു പറഞ്ഞു, “ആകാശവും ഭൂമിയും ഒഴിഞ്ഞുപോയാലും എന്റെ വചനം ഒഴിഞ്ഞുപോകയില്ല.” സങ്കീർത്തനക്കാരൻ എഴുതി, “ദൈവമേ, നിന്റെ വചനം സ്വർഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു.” നാം മനഃപാഠമാക്കുന്ന ഓരോ വാക്യവും പഠിക്കുന്ന ഓരോ അധ്യായവും ബൈബിളിനെക്കുറിച്ചു പഠിക്കുന്നതെല്ലാം തന്നെ വരുവാനുള്ള ജീവിതത്തിനു പ്രയോജനമാണ്.

സ്വർഗത്തിൽ നാമെല്ലാരും ഒരുപോലെയായിരിക്കും എന്ന ധാരണ വചനപ്രകാരമുള്ളതല്ല. രക്ഷിക്കപ്പെട്ടവർക്കുള്ള പ്രതിഫലത്തിനു വ്യത്യാസമുണ്ട് എന്നതുപോലെ പാപികൾക്കുള്ള ശിക്ഷയുടെ അളവിനും വ്യത്യാസമുണ്ട് എന്ന് ദൈവത്തിന്റെ വചനം നമ്മെ പഠിപ്പിക്കുന്നു.

ജീവിതം നയിക്കുവാൻ ഒരു തൊഴിൽ നമുക്കാവശ്യമായതുകൊണ്ട് അതിനനുയോജ്യമായ “ലൗകികമോ” “മതേതരമോ” ആയ അറിവ് നാമോരോരുത്തരും നേടണമെന്നത് അനിവാര്യമാണ്. ഇതിനുവേണ്ടി ചിലർ കോളേജ് വിദ്യാഭ്യാസവും മറ്റു ചിലർ പ്രത്യേക മേഖലകളിലുള്ള ഉന്നതപരിശീലനവും നേടുന്നു. എന്നാൽ ഇത്തരത്തിലുള്ള വിദ്യാഭ്യാസം നേടുക എന്നതല്ല ജീവിതത്തിലെ ഏറ്റവും പ്രധാനമായ കാര്യമെന്ന് എപ്പോഴും ഓർത്തുകൊള്ളണം. ക്രിസ്തുവിനെ അറിയുകയും അവനെ അറിയിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ പരമമായ ലക്ഷ്യം. അത് എപ്പോഴും

മുൻനിർത്തിക്കൊണ്ട് ജീവിക്കുവാനുള്ള ഒരു ചവിട്ടുപടി മാത്രമാണ് വിദ്യാഭ്യാസം. നിത്യമായ ദൈവത്തിന്റെ വചനത്തെ അവഗണിച്ചുകൊണ്ട് ജീവിക്കുകയും വിദ്യാഭ്യാസം മാത്രം മുഖ്യലക്ഷ്യമാക്കുകയും ചെയ്യുന്ന പ്രവണതയെ നീതീകരിക്കാനാവുകയില്ല. ഇതിന്റെ ഭോഷത്തം ആ ദിവസം വെളിപ്പെടും.

നാമിവിടെ പറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാര്യം പോലെ ഒരു വ്യക്തിയുടെ ജീവിത ലക്ഷ്യത്തിന്മേൽ ഇത്രയധികം സ്വാധീനം ചെലുത്തുവാൻ കഴിയുന്ന അധികം വസ്തുതകളില്ല. സ്വർഗത്തിൽവെച്ച് എല്ലാറ്റിനെയും കുറിച്ച് നമുക്ക് പൂർണമായ അറിവ് ലഭിക്കുകയില്ലെങ്കിൽ ഇവിടെ വെച്ചു ലഭിക്കുന്ന അറിവ് മാത്രമേ സ്വർഗത്തിലേക്കു നാം കൊണ്ടുപോകയുള്ളൂ. അതുകൊണ്ട് ആ സമയത്തിനുവേണ്ടി നാം നമ്മെത്തന്നെ നിശ്ചയമായി ഒരുക്കേണം. സ്വർഗത്തിൽ യാതൊരുവിധമായ പ്രയോജനവും ചെയ്യാത്ത ഭൗമികമായ അറിവു നേടാൻവേണ്ടി നമ്മുടെ സമയം സമർപ്പണം ചെയ്യുവാനുള്ള പ്രവണതയ്ക്കെതിരേ നാം തീർച്ചയായും ജാഗ്രതയോടെയിരിക്കണം. നമ്മുടെ കോളജു ബിരുദങ്ങളെ അതിന്റെ നിലയ്ക്കു നിർത്തണം. അതിന്റെയർത്ഥം ഈ ഭൂമിയിൽ കർത്താവിനെ സേവിക്കുവാനുള്ള മാധ്യമങ്ങളായി അവയെ ഉപയോഗിക്കണം. നമ്മുടെ ജീവിതത്തിൽ തിരുവചനത്തിന് അതിന്റെ ശരിയായ പ്രാധാന്യം കൊടുക്കണം. അതിനുവേണ്ടി അതിന്റെ രചയിതാവിനെയും തിരുവചനത്തിന്റെ പരിശുദ്ധമായ ഉള്ളടക്കത്തെയും നാം നന്നായി മനസ്സിലാക്കണം.

അതേ, സ്വർഗത്തിൽ പഠനം നടക്കും! സ്വർഗത്തിൽ നാം പഠിച്ചുകൊണ്ടേയിരിക്കും! അവിടെ ചെയ്യാൻ പോകുന്ന ആ കോഴ്സിനോടുള്ള നമ്മുടെ താൽപ്പര്യം ഇവിടെവെച്ച് ബൈബിളുകൊണ്ട് നാം എന്തു ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കും.

# 7
# നിങ്ങളുടെ ഭാവി നിങ്ങളുടെ കൈയിൽ

വലിയൊരളവുവരെ നിങ്ങൾ തന്നെയാണ് നിങ്ങളുടെ ഭാവി നിർണയിക്കുന്നതെന്ന കാര്യം മനസ്സിലാക്കുമ്പോൾ, നിങ്ങൾ ആശ്ചര്യപ്പെടുമോ? നിങ്ങൾ ജീവിതത്തിൽ എന്താകുവാനാണോ ആഗ്രഹിക്കുന്നത് അതായിരിക്കും നിങ്ങൾ ആയിത്തീരുന്നത്. ഒരു പ്രത്യേക ജീവിതഗതിക്കുവേണ്ടി നിങ്ങൾ ആഴമായി ആഗ്രഹിച്ചാൽ മിക്കവാറും നിങ്ങൾക്ക് അതു ലഭിക്കും. ഇതു വളരെ വിലയേറിയ ഒരു രഹസ്യമാണ്. ഇതു പരക്കെ അറിയപ്പെടേണ്ടതുമാണ്. നിങ്ങളുടെ നാളെയുടെ താക്കോൽ നിങ്ങളുടെ കയ്യിൽതന്നെ.

ദൈവം ഒരു രാത്രിയിൽ ശലോമോനു പ്രത്യക്ഷനായിട്ട് എന്താണ് അവന്റെ ആഗ്രഹമെന്ന് ചോദിച്ചു. തനിക്കു ജ്ഞാനവും വിവേകവും വേണമെന്ന് ശലോമോൻ അപേക്ഷിച്ചു. അവന്റെ അപേക്ഷ ദൈവം കേട്ടു. അതോടൊപ്പം ധനം, മാനം, സമ്പത്ത്, വിജയം, ദീർഘായുസ്സ് എന്നിവയും കൊടുത്തു.

അതേ രീതിയിൽ ആ ചോദ്യം ഓരോ വ്യക്തിയുടെയും അടുത്തേക്കു വരുന്നു: “ചോദിക്കുക, ഞാൻ നിനക്ക് എന്തു തരേണം?” നാം ചോദിക്കുന്നതായിരിക്കും അടിസ്ഥാനപരമായി നമുക്കു ലഭിക്കുന്നത്.

യുവാവായിരുന്നപ്പോൾ റോസ്ബെറി പ്രഭുവിന് തീക്ഷ്ണമായ മൂന്ന് ആഗ്രഹങ്ങൾ ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു:

1. ഡെർബി (കുതിരപ്പന്തയം) ജയിക്കുവാൻ ആഗ്രഹിച്ചു.
2. ഒരു ലക്ഷപ്രഭുവിന്റെ മകളെ വിവാഹം കഴിക്കുവാൻ അദ്ദേഹമാഗ്രഹിച്ചു.
3. പ്രധാനമന്ത്രിയാകുവാൻ അദ്ദേഹമാഗ്രഹിച്ചു.

തന്റെ മൂന്ന് ആഗ്രഹങ്ങളും പൂർത്തിയായെന്ന് ചരിത്രം പറയുന്നു. ചില വർഷങ്ങൾക്കു മുമ്പ് ചിക്കാഗോയിലെ ഒരു യുവാവ്

തന്റെ കിടക്കയ്ക്കരികെ മുട്ടുകുത്തി പ്രാർഥിച്ചു. സങ്കീർത്തനം 145:19-ലെ വാഗ്ദത്തം അവകാശപ്പെട്ടുകൊണ്ട് താഴെപ്പറയുന്ന തന്റെ ആഗ്രഹങ്ങൾ കർത്താവിനോടറിയിച്ചു.

1. ധാരാളം വേദവാക്യങ്ങൾ മനഃപാഠമാക്കുവാൻ ഓർമശക്തിയുണ്ടാകണം.
2. ലഘുലേഖകൾ എഴുതുവാനും അവ വളരെയധികം വിതരണം ചെയ്യുവാനും പ്രാപ്തിയുണ്ടാകണം.
3. ക്രിസ്തീയ പ്രവർത്തകർക്കുവേണ്ടി സൗജന്യമായി ലഘുലേഖകൾ കൊടുക്കുവാൻ കഴിയണം.
4. ദൈവവചനം ശുശ്രൂഷിക്കുവാനും സുവിശേഷം പ്രസംഗിക്കുവാനും ശക്തി ലഭിക്കണം.
5. വിശ്വാസികളുടെ പ്രബോധനത്തിന് ആത്മീയമായ ലേഖനങ്ങൾ എഴുതുവാൻ കഴിവുണ്ടാകണം.

ടോം ഓൾസനെ പരിചയമുള്ളവർക്ക് അദ്ദേഹത്തെക്കുറിച്ച് ഈ കാര്യങ്ങൾ അറിയാം: അദ്ദേഹത്തിന് അസാമാന്യമാം വിധം വേദവാക്യങ്ങൾ മനഃപാഠമായിരുന്നു, അദ്ദേഹത്തിന്റെ സുവിശേഷ പ്രസംഗങ്ങളും ബൈബിൾ ക്ലാസുകളും അനവധിയാളുകൾക്ക് അനുഗ്രഹമായിരുന്നു, മാസികയിൽ അദ്ദേഹമെഴുതിയിരുന്ന ലേഖനങ്ങൾ ധാരാളമാളുകൾ വായിച്ചിരുന്നു, അദ്ദേഹത്തിന്റെ ലഘുലേഖകൾ വിതരണം ചെയ്തിട്ടുള്ളതുപോലെ മറ്റൊരു മനുഷ്യന്റെ ലഘുലേഖകൾ വിതരണം ചെയ്തിട്ടുണ്ടാവില്ല. ചെറുപ്പക്കാരായ ഓരോരുത്തരെക്കുറിച്ചും അങ്ങനെയാവണം. "ഭാവികാലം അവരുടെ മുമ്പിൽ ഒരു വെള്ളക്കടലാസുപോലെ കിടക്കുന്നു. അതിന്മേൽ അവർക്കിഷ്ടമുള്ള എന്തും എഴുതാം."[1]

ഇവിടെയാണു സംഗതിയുടെ ഗൗരവം! നിങ്ങളുടെ ആഗ്രഹം എന്താണെന്നു സൂക്ഷിച്ചുകൊൾക. നിങ്ങളുടെ തിരഞ്ഞെടുപ്പിനെ ആശ്രയിച്ചാണ് അന്തിമഫലം എന്നത് അത്യന്തം ഗൗരവമുള്ളതാണ്.

ചൂളയിൽനിന്ന് ഉരുകിയൊഴുകുന്ന ഉരുക്ക്,
ഏതെങ്കിലും ഒരു മൂശയിൽ ചെന്നു വീഴും,
അതിവേഗം അതുറഞ്ഞു കട്ടിയാകും.
പിന്നെത്ര ചുറ്റികകൊണ്ടടിച്ചാലും അതിനു മയം വരില്ല.

യുവാക്കളും യുവതികളും തങ്ങളുടെ യുവത്വത്തിൻ
സാധ്യതകളെ കണ്ട്,
ബുദ്ധിപൂർവമായി മുമ്പേ തീരുമാനമെടുത്താൽ,
ഒരുദിവസം അവരതു വ്യക്തമായി കാണും, പാഴാക്കിയ
പ്രഭാതങ്ങളും നിരാശയുടെ സൂര്യാസ്തമയമങ്ങളും
ജീവിതത്തിൽ അധികമുണ്ടാകില്ല.[2]

ചിന്തിച്ചുറപ്പിച്ച് തീരുമാനമെടുക്കുന്ന ഓരോ വ്യക്തിക്കും അനുപാതമായി തെന്നിയകലുന്ന മൂന്നു പേരെങ്കിലും കാണും. വിധിയുടെയോ ഭാഗ്യത്തിന്റേയോ ഇരകളെന്ന് അവർ സ്വയം ചിന്തിക്കുന്നു. അവർ വിധിയിൽ വിശ്വസിക്കുന്നവരാണ്. എന്നിരുന്നാൽ തന്നെയും അവർ അവരുടെ വിധി നിർണയിച്ചുകഴിഞ്ഞു. എന്തു സംഭവിച്ചാലും ഒഴുക്കിനനുസരിച്ച് നീന്തുക എന്നുള്ളതാണ് അവരുടെ നിർണയം.

ചിന്താശക്തിയുള്ള യുവജനങ്ങൾ അവരുടെ ഗൗരവമേറിയ നിലയെക്കുറിച്ചും വിലയേറിയ അവസരത്തെക്കുറിച്ചും ബോധമുള്ളവരായിരിക്കണം. അവർ ആഗ്രഹിക്കുന്ന എന്തും അവർക്ക് ആയിത്തീരാമെന്ന് മനസ്സിലാക്കണം. അവർ ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുമ്പോൾ അത്യന്തം ശ്രദ്ധാലുക്കളായിരിക്കണം.

*"ജീവിതത്തിൽ എന്താകാനാണു നിനക്കാഗ്രഹം?" ദൈവം ഇന്നു*
*നിന്നോടു ചോദിക്കുകയാണെങ്കിൽ, നീയെന്തു പറയും?*
*ശ്രദ്ധിച്ചു കേൾക്കൂ!* ***അവൻ നിന്നോടു ചോദിക്കുന്നു!***

1. Alexander Maclaren, EXPOSITIONS OF HOLY SCRIPTURE: DEUT. II KINGS (New York: George H. Doran Co., no date given), pp. 155-156.
2. അതേ പുസ്തകത്തിൽനിന്ന്.

# 8

# അഭിലാഷങ്ങൾ ബുദ്ധിപൂർവ മായതോ അല്ലാത്തതോ?

എന്താണ് യോഗ്യമായ ഒരു ജീവിതാഭിലാഷം? മരിച്ച് അഞ്ചു മിനിറ്റിനുശേഷം ഏറ്റവും പ്രതിഫലം തരുന്നത് ഏതു തരത്തിലുള്ള ജീവിതഗതിയായിരിക്കും? നമ്മുടെ താലന്തുകളും ധനവും സമയവും നിക്ഷേപിക്കുവാൻ കഴിയുന്ന ഏറ്റവും നല്ല മാർഗം ഏതാണ്? "ധനികനാവുക" എന്നതല്ല ഒരു ക്രിസ്ത്യാനിയുടെ ലക്ഷ്യം എന്ന് ആദ്യമേ തന്നെ നമുക്ക് ഒരു യോജിപ്പിലെത്താനാകുമോ?

1. ഒന്നാമതായി, കർത്താവുതന്നെ വ്യക്തമായി അതു വിലക്കിയിരിക്കുന്നു (മത്താ. 6:19). അതുകൊണ്ട് അധാർമികതയോ കൊലപാതകമോ എന്നപോലെ അതു തെറ്റാണ്.
2. രണ്ടാമതയി, ഭൗതികമായ ധനം ആത്മിക കാര്യങ്ങൾക്ക് തികച്ചും ഒരു വിലങ്ങുതടിയാണ് (മർക്കൊ. 10:23-24).
3. സമ്പത്തു വഞ്ചിക്കുന്നതാണ് (മർ. 4:19). അതു യഥാർഥമായി തോന്നിയാലും അതിവേഗം അപ്രതീക്ഷിതമായി അപ്രത്യക്ഷമാകും.
4. നമുക്കുള്ള മാതൃക: കർത്താവായ യേശു ദരിദ്രനായിരുന്നു (2 കൊരി. 8:9). അവൻ നിരന്തരം ഓർമിപ്പിക്കുകയുണ്ടായി, ദാസൻ യജമാനനു മീതേയല്ല (മർക്കൊ. 10:24-25).
5. ധനം സ്വർഗത്തിലേക്കു കൊണ്ടുപോകാനാവില്ല (2 കൊരി. 4:18).
6. ഒരു ക്രിസ്ത്യാനി ധനികനായിരിക്കുന്നതിൽ വാസ്തവമായി ഒരു ധാർമിക പ്രശ്നമുണ്ട്. തന്റെ ചുറ്റുപാടും ദരിദ്രരെയും ആവശ്യത്തിലിരിക്കുന്നവരെയും കണ്ടുകൊണ്ട് എങ്ങനെ ഒരു ക്രിസ്ത്യാനിക്ക് ധനവാനായിരിക്കാനാകും?

കുറെ വർഷങ്ങൾക്കു മുമ്പ് താഴെ ഉദ്ധരിച്ചിരിക്കുന്ന വാർത്ത ഒന്റാറിയോയിലെ ഒരു പത്രത്തിൽ വന്നു:

നിര്യാതനായ ലിസ്റ്റോവലിലെ ജോൺ ലിവിങ്സ്റ്റൺ ഒന്റാറിയോയിലെ പെർത്ത് കൗണ്ടിയിൽ ഏറ്റവും വലിയ ധനികനായിരുന്നു. അദ്ദേഹ

ത്തിന്റെ എസ്റ്റേറ്റുകൾക്ക് 500,000 ഡോളറാണ് മൂല്യം കല്പിച്ചിരിക്കുന്നത്. അതുകൂടാതെ, തന്റെ ജീവൻ 500,000 ഡോളറിന് ഇൻഷ്വർ ചെയ്തിരുന്നു. അദ്ദേഹം പ്രസിദ്ധ സ്കോട്ടിഷ് മിഷനറിപര്യവേക്ഷകനായ ഡേവിഡ് ലിവിങ്സ്റ്റണിന്റെ സഹോദരനായിരുന്നു.

ചെറുപ്പകാലത്ത് ഈ രണ്ടു സഹോദരന്മാരും സ്കോട്ട്ലന്റിലെ അവരുടെ വീട്ടിൽവെച്ച് തങ്ങളുടെ മഹത്തായ ജീവിതപാതകൾ തിരഞ്ഞെടുത്തു. ജോൺ പറഞ്ഞു: "ഞാൻ കാശുണ്ടാക്കുവാൻ കാനഡായിലേക്കു പോവുകയാണ്." അവൻ അതുതന്നേ ചെയ്തു! ഡേവിഡ് തന്റെ ജീവിതം രക്ഷകനായ യേശുക്രിസ്തുവിനു സമർപ്പിച്ചു. ആഫ്രിക്കയുടെ ഉൾനാടുകളിലേക്ക് കടന്നുപോയി കറുത്തവർഗക്കാരോട് സുവിശേഷമറിയിക്കുന്ന വലിയ ദൗത്യത്തിനായി തന്റെ ജീവിതം ചെലവഴിച്ചു. ലോക നിലവാരമനുസരിച്ചു വിധിയെഴുതിയാൽ ജോൺ ലിവിങ്സ്റ്റൺ ബുദ്ധിമാനും ഡേവിഡ് ലിവിങ്സ്റ്റൺ ഭോഷനുമാണ്. എന്നാൽ ഈ ലോകപരമായ കാഴ്ചപ്പാട് അത്യധികം ഹ്രസ്വദൃഷ്ടിയോടുകൂടിയതാണ്. ജോൺ വ്യാപാരത്തിൽ വിജയിയായി ധനം വാരിക്കൂട്ടി. ഡേവി ഡ് ഏകനായി ആഫ്രിക്കയിലെ ഒരു കുടിലിൽ മുട്ടിന്മേലിരുന്ന് മരിച്ചു, അടക്കം ചെയ്യപ്പെട്ടു. എന്നാൽ പറയട്ടെ, രണ്ടു പേരുടെയും ജീവിതത്തിന്റെ ശിഷ്ടഫലം, മരണശേഷം 75 വർഷങ്ങൾക്കുള്ളിൽ ജോണിന്റെ പേര് ഭൂമുഖത്തുനിന്ന് ഏകദേശം മാഞ്ഞുപോയി. അതേസമയം ഡേവിഡ് ലിവിങ്സ്റ്റണിന്റെ പേര് ലോകത്തിൽ എവിടെയെല്ലാം സുവിശേഷം പ്രസംഗിക്കുന്നുവോ അവിടെയെല്ലാം സുഗന്ധം പോലെ വ്യാപിക്കുന്നു.

ധനം മാത്രമല്ല മനുഷ്യരെ വശീകരിക്കുന്നത്. മനുഷ്യരുടെ ജീവിതത്തിലെ മറ്റൊരു വശീകരണശക്തി പ്രസിദ്ധിയാർജിക്കുക എന്നുള്ളതാണ്. ആരോ ആയിത്തീരുവാൻ, പ്രസിദ്ധനാകുവാൻ, ഭീതിജനിപ്പിക്കുന്നവനാകുവാൻ അവനാഗ്രഹിക്കുന്നു.

ഈ പ്രശസ്തി ചിലർ തൊഴിലിലും വ്യാപാരത്തിലും അന്വേഷിക്കുന്നു. അവരുടെ കഴിവിന്റെ പരമാവധി അതിനുവേണ്ടി കൊടുക്കുന്നു. അവർ വാണിജ്യത്തിന്റെയോ ശാസ്ത്രത്തിന്റെയോ ക്ഷേത്രത്തിൽ ആരാധിക്കുകയാണ്. അവർ തിരഞ്ഞെടുത്ത രംഗത്ത് വിജയം നേടുവാൻ അക്ഷീണയത്നം നടത്തുമ്പോൾ ദൈവത്തിന്റെ ശബ്ദം അവരെ മാടിവിളിക്കുന്നു, "നീ നിനക്കായിട്ടു വലിയ കാര്യ

ങ്ങളെ ആഗ്രഹിക്കുന്നുവോ? ആഗ്രഹിക്കരുത്" (യിരെ. 45:5).

കായികരംഗത്ത് പ്രഗല്ഭരാകുവാൻ ചിലർ ശ്രമിക്കുന്നു. എല്ലു മുറിയെ കഠിനശിക്ഷണത്തിലൂടെ അവർ പരിശീലനം നടത്തുന്നു. ഉന്നതിയിലെത്തുവാൻ സന്തോഷത്തോടെ ത്യാഗങ്ങൾ സഹിക്കുന്നു. മത്സരത്തിന്റെ സമയമാകുമ്പോൾ അവരുടെ ഓരോ ഞരമ്പും പേശിയും വലിച്ചു മുറുക്കി വിജയത്തിനായി കുതിക്കുന്നു. എന്നാൽ തിരുവചനത്തിൽ ദൈവത്തിന്റെ ഭാഷ്യം ഇതാണ്, "പുരുഷന്റെ ഊരുക്കളിൽ (കാലുകളിൽ) പ്രസാദിക്കുന്നതുമില്ല" (സങ്കീ. 4:8).

മറ്റു ചിലർ തത്വശാസ്ത്രം, ചരിത്രം, സംഗീതം മുതലായവയിൽ അറിവു നേടി വിദഗ്ധരാകുവാൻ പരിശ്രമിക്കുന്നു. എന്നാൽ സ്വർഗത്തിൽ പ്രയോജനമില്ലാത്ത മേഖലകളിൽ വിദഗ്ധരാകുവാൻ ക്രിസ്ത്യാനികൾ സമയം പാഴാക്കുന്നത് വലിയ ദുരന്തമാണ്.

ഇനിയും ചിലർക്ക് സഹജീവികളെ സഹായിക്കുക എന്ന മഹത്തായ ആശയമുണ്ട്. അതിനുവേണ്ടി അവർ രാഷ്ട്രീയത്തിലോ സാമൂഹ്യസേവനത്തിലോ ഗ്രാമ വികസനത്തിലോ സമർപ്പണത്തോടെ പ്രവർത്തിക്കുന്നു. സത്യം പറഞ്ഞാൽ ഇതുവരെ സൂചിപ്പിച്ച എല്ലാവരെക്കാളും ഈ കൂട്ടർ നിസ്വാർഥരാണ്. എന്നാൽ ഇവരുടെ സദുദ്യമങ്ങളും കുറവുള്ളതാണ്. മനുഷ്യനെ സഹായിക്കുന്നതിനും അവൻ നേരിടുന്ന പ്രശ്നങ്ങളെ പരിഹരിക്കുന്നതിനും അവന്റെ പ്രകൃതം നിശ്ചയമായും മാറ്റേണ്ടിയിരിക്കുന്നു. ഈ പദ്ധതികൾകൊണ്ടൊന്നും അതു ചെയ്യാനാവില്ല. സുവിശേഷത്തിനു മാത്രമേ അതു കഴിയുകയുള്ളൂ. ഏറ്റവും വലിയ പരോപകാരമെന്നു പറയുന്നത് യേശുക്രിസ്തുവിനെ ഒരു മനുഷ്യനു പരിചയപ്പെടുത്തുക എന്നതാണ്.

ഇങ്ങനെ സാധാരണകാര്യങ്ങൾക്കായി മനുഷ്യർ ജീവിക്കുന്നത് വിശകലനം ചെയ്തു പോകാനാവും. മനുഷ്യന്റെ ഉന്നതമായ പ്രയത്നങ്ങൾ കൊടുക്കത്തക്കവണ്ണം അവ യോഗ്യമല്ലെന്നു നമുക്കു മനസ്സിലാകും. എന്തുകൊണ്ടെന്നാൽ അവ ഒന്നാമതായി നിഷ്പ്രയോജനമാണെന്നും, രണ്ടാമതായി സമയത്തിന്റെ പരീക്ഷയിൽ അതു പരാജയമാണെന്നും കാണും. അവയുടെ മൂല്യം ഈ ജീവിതത്തിലേക്കു മാത്രം. രണ്ടു ലോകത്തിനുവേണ്ടി ജീവിക്കുന്ന ക്രിസ്ത്യാനിയുടെ ദർശനത്തെ പൂർത്തീകരിക്കാൻ അതിനു കഴിയുകയില്ല.

ഇരു ലോകത്തെയും കണക്കിലെടുക്കാത്ത ഒരു ജീവൻ/ അതിന്റെ

യർഥം കണ്ടെത്തിയിട്ടില്ല./ ഇപ്പോഴുള്ളതും വരുവാനുള്ളതുമായ ജീവിതം/ തല നരയ്ക്കുമ്പോൾ മറുലോകത്തെക്കുറിച്ചു ചിന്തിക്കാൻ/ തുടങ്ങിയതുകൊണ്ട് നേട്ടമുണ്ടോ?/ നരയ്ക്കാത്ത തലയുടെ ഉടമകളെ നേടുവാനെനിക്കാശയുണ്ട്/ ഈ സുപ്രസാദകാലത്തു തന്നെ ചിന്തിക്കുവാൻ തുടങ്ങുക./ അവിശ്വാസത്തിൽനിന്നും ഗൗരവമില്ലായ്മയിൽനിന്നും/ സ്വാർഥതയിൽനിന്നും ഇടുക്കത്തിൽനിന്നും/ ജീവനെ രക്ഷിച്ച് വിശ്വാസത്തിലേക്കും ദൃഢതയിലേക്കും/ നന്മയിലേക്കും നീങ്ങുക./ ജീവിതം ഈ രണ്ടു ലോകത്തിനായുള്ളതെന്ന് ഓർക്കുക./ രണ്ടുലോകം, ഒന്ന് ഹ്രസ്വവും മറ്റേത് അനന്തവും!/ അങ്ങകലെയായി നമുക്കെന്താണു കാത്തിരിക്കുന്നത്?/ താൽക്കാലികവും നീങ്ങിപ്പോകുന്നതുമായതിനെ നിത്യമായതിൻ പരിണതിയിലേക്ക് ഉയർത്തുന്ന ചോദ്യമാണത്./ ഇന്നു ഞാൻ ചെയ്തതെന്തോ അതിൻഫലം/ നിത്യത മുഴുവൻ ചിലത് എനിക്കുവേണ്ടി./ ഞാനതു കണ്ടു കഴിയുംവരെ ജീവിതത്തിന്റെ പ്രശ്നം/ ഞാൻ നേരിടുവാൻ തുടങ്ങിയിട്ടില്ല.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഒടുവിൽ ദൈവത്തിനുവേണ്ടി ഗ്രേറ്റ് ബ്രിട്ടനിൽ ശക്തമായി പ്രവർത്തിച്ച വേദപണ്ഡിതനായ വില്യം കെല്ലി ഡബ്ലിനിലെ ട്രിനിറ്റി കോളജിൽ ചേരുവാൻ പോയ തന്റെ ഒരു ഇളയ ബന്ധുവിനെ പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പിനു സഹായിച്ചു. ഇക്കാര്യം അവിടത്തെ പ്രൊഫസർമാരുടെ ശ്രദ്ധയിൽപെട്ടു. ഈ കോളജിൽ ജോലിചെയ്തുകൊണ്ട് സ്വയം പ്രശസ്തനാകുവാൻ അവർ അദ്ദേഹത്തെ നിർബന്ധിച്ചു. ഈ വിഷയത്തിൽ കെല്ലിക്ക് താൽപ്പര്യമില്ലെന്നു കണ്ട അവർ അത്ഭുതപ്പെട്ടു. ഒരുവൻ ക്ഷമനശിച്ച് ഇങ്ങനെ ചോദിച്ചു: "എന്നാലും, മിസ്റ്റർ കെല്ലീ, ലോകത്തിൽ താങ്കൾക്ക് നല്ലൊരു പേര് ഉണ്ടാക്കുന്നതിൽ താൽപ്പര്യമില്ലയോ?"

അതിനുത്തരം കെല്ലിയുടെ ഈ ചോദ്യമായിരുന്നു: "സുഹൃത്തുക്കളേ, ഏതു ലോകത്തെക്കുറിച്ചാണു നിങ്ങൾ പറയുന്നത്?"

അതേ, അതുതന്നേ! ജീവിതത്തിലെ നമ്മുടെ അഭിലാഷങ്ങ ളെക്കുറിച്ചു പറയുമ്പോൾ, ഏറ്റവും വലിയ ചോദ്യമിതാണ്: "ഏതു ലോകത്തെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്?"

*നിങ്ങളുടെ അഭിലാഷം ഈ ചോദ്യത്തിന്റെ വെളിച്ചത്തിലുള്ള പരിശോധനയിൽ വിജയിക്കുമോ?*

# 9
# ജീവിതത്തിന്റെ വലിയ നിബന്ധനകൾ

ഭാവിയെക്കുറിച്ച് സുബോധപൂർവം ചിന്തിക്കുന്നതിന് ഒരുവൻ മൂന്നു മഹത്തായ തത്വങ്ങൾ കണക്കിലെടുക്കണം:

1. ദൈവത്തോടുള്ള അവന്റെ ഉത്തരവാദിത്വം
2. അയൽക്കാരനോടുള്ള അവന്റെ കടപ്പാട്
3. സ്വന്തം താൽപ്പര്യങ്ങൾ

## നിങ്ങളുടെ ദൈവം

ദൈവത്തിനു പ്രഥമസ്ഥാനം! കർത്താവ് നമ്മുടെ സൃഷ്ടിതാവ് മാത്രമാണെന്നിരിക്കട്ടെ, എങ്കിൽ പോലും നമ്മുടെ സമ്പൂർണ ആശ്രയവും ഇടമുറിയാതുള്ള സേവനവും അർഹിക്കുന്നു. വലിയവനായ രക്ഷിതാവ് നമ്മുടെ രക്ഷകനായി എന്നതാണു വസ്തുത. ഈ വസ്തുതയിൽനിന്നു നമുക്കു രക്ഷപ്പെടാനാവില്ല. ഈ പറയുന്ന നിത്യസത്യങ്ങളുമായി നാം യോജിച്ചേ മതിയാകൂ:

1. എന്റെ സ്ഥാനത്തു മരിക്കേണ്ടതിനായി ദൈവം തന്റെ ഏകജാതനായ പുത്രനെ അയച്ചു.
2. കർത്താവായ യേശു സ്വർഗത്തിലെ മഹിമകളെല്ലാം വെടിഞ്ഞ് എനിക്കുവേണ്ടി സന്തോഷപൂർവം ഈ താണലോകത്തിലേക്കു വന്നു.
3. എന്റെ ആത്മാവിനെ രക്ഷിക്കുവാനായി അവൻ പീഡനങ്ങളേറ്റു, രക്തം ചൊരിഞ്ഞു, മരിച്ചു.
4. മരിച്ച ആ വ്യക്തി കേവലം ഒരു മനുഷ്യനായിരുന്നില്ല, ശൂന്യതയിൽനിന്ന് ലോകങ്ങളെ ഉളവാക്കിയവനാണ്.
5. ഞാനവന്റെ ശത്രുവായിരിക്കുമ്പോൾ തന്നെ അവൻ എനിക്കായി മരിച്ചു.
6. എന്റെ പാപങ്ങളുടെ പ്രായശ്ചിത്തത്തിനായി അവൻ സഹിച്ച

പീഡനങ്ങൾ എത്രയധികമെന്ന് ഒരു മനുഷ്യബുദ്ധിക്കും ഒരിക്കലും ഗ്രഹിക്കുവാനാകയില്ല.

7. പാപത്തിന്റെ അടിമച്ചന്തയിൽനിന്ന് തന്റെ രക്തം കൊടുത്തു വാങ്ങാൻ തക്ക വിലയുള്ളവനായി അവനെന്നെ കണ്ടു.
8. എന്റെ രാജാവാകുവാൻ, എന്റെ കർത്താവാകുവാൻ, എന്റെ യജമാനൻ ആകുവാൻ വേണ്ടിയാണവൻ മരിച്ചത്.

ഒരു ക്രിസ്ത്യാനിക്ക് ഇവ ചില സാധാരണ സത്യങ്ങൾ എന്ന നിലയിൽ തോന്നും. എന്നാൽ ചിലപ്പോൾ, ചില അപൂർവ നിമിഷങ്ങളിൽ, അവയുടെ മഹത്വത്തിന്റെ കതിരൊളികൾ ജലപ്രളയം പോലെ നമ്മുടെ ആത്മാക്കളുടെമേൽ പതിക്കും. അതിൽ പരിപൂർണമായി നമ്മൾ ഭയപ്പെട്ടു കരഞ്ഞുവിളിക്കും:

> അതെല്ലാം അവൻ എനിക്കായ് ചെയ്തുവല്ലോ/ അതെല്ലാം അവൻ എനിക്കായ് ചെയ്തുവല്ലോ/ എങ്ങനെ എന്റെ കഴിവിന്റെ പരമാവധി അവനായി ഞാൻ ചെയ്യാതിരിക്കും/ എങ്ങനെ അവനായി പരിപൂർണമായി ജീവിക്കാതിരിക്കും/ അതെല്ലാം അവൻ എനിക്കായ് ചെയ്തുവല്ലോ.
>
> *—ബെറ്റി ദാസ്വൻഡ്*

ക്രിസ്തു തന്റെ രക്തത്താൽ എന്നെ വാങ്ങിയത് സത്യമാണെങ്കിൽ ഞാനിനി എന്റേതല്ല അവന്റേതു മാത്രമാണ് എന്നതു വ്യക്തമത്രേ. അതുകൊണ്ട് അപ്പൊസ്തലനയ പൗലൊസ് ഇപ്രകാരം എഴുതി: "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു; എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ, എല്ലാവരും മരിച്ചു എന്നും, ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല, തങ്ങൾക്കുവേണ്ടി മരിച്ച് ഉയിർത്തവനായിട്ടു തന്നേ ജീവിക്കേണ്ടതിന് അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണയിച്ചിരിക്കുന്നു" (2 കൊരി. 5:14,15).

ഇനിമുതൽ തങ്ങൾക്കായിട്ടല്ല, അവനായിട്ടുതന്നേ! സി.ടി. സ്റ്റഡ്ഡിനു മറ്റൊന്നും പറയാൻ കഴിഞ്ഞില്ല:

> യേശു എനിക്കുവേണ്ടി മരിച്ചെന്ന് എനിക്കറിയാമായിരുന്നു/ എന്നാലെനിക്ക് അറിയില്ലായിരുന്നു, എനിക്കായിട്ടാണവൻ മരിച്ചതെങ്കിൽ ഞാനെനിക്കുള്ളവനല്ല എന്ന്./ വീണ്ടെടുപ്പ് എന്നാൽ തിരിച്ചുവാങ്ങുക എന്നാണർഥം/ ഞാനവനുള്ളവനെങ്കിൽ, ഒന്നുകിൽ കള്ളനെപ്പോലെ എന്റേതല്ലാത്തത് ഞാൻ പൂഴ്ത്തിവെക്കണം/ അല്ലെങ്കിൽ

എല്ലാം ദൈവത്തിനു വിട്ടുകൊടുക്കണം./ യേശുക്രിസ്തു എനിക്കു വേണ്ടി മരിച്ചുവെന്നു ഞാൻ മനസ്സിലാക്കിയപ്പോൾ/ സർവവും അവനായി സമർപ്പിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടായില്ല.[1]

ഐസക് വാട്സ് അതിന്റെ യുക്തി സുപ്രസിദ്ധമായ (When I survey the wondrous cross...) ഈ വരികളിലൂടെ വ്യക്തമാക്കി. എങ്കിലും വളരെക്കുറച്ചേ പ്രായോഗികമാക്കുന്നുള്ളൂ:

പ്രപഞ്ചം ആകെ നേടി ഞാൻ ത്യജിക്കിലും മതിയാകാ/ ഈ ദിവ്യ സ്നേഹത്തിനു ഞാൻ/ എന്നെ മുറ്റും നൽകീടേണം.

സിൻസെൻഡോർഫ് പ്രഭു പറഞ്ഞു: "ഞാനേറ്റവുമധികം സ്നേഹിക്കുന്നതിനെ രക്ഷകന്റെ പാദത്തിൽ അർപ്പിച്ചില്ലെങ്കിൽ ഞാനവന് യോഗ്യനല്ലെന്നു ചിന്തിക്കുന്നു."

"അവൻ രാജാവാണെങ്കിൽ എല്ലാറ്റിനും മേൽ അവന് അധികാരമുണ്ട്" എന്ന് അംഗീകരിക്കുവാൻ ഉഗാണ്ടയിലെ പിൽകിങ്ടൺ നിർബന്ധിതനായി. കുറെ വർഷങ്ങൾക്കു മുമ്പ് ടി.ഇ. വിൽസൺ എന്ന മിഷനറി അംഗോളയിലെ ദേശവാസികളോട് പ്രസംഗിക്കുകയായിരുന്നു. ഉരുണ്ടു തടിച്ച ഒരു മനുഷ്യനെയും അവന്റെയടുത്ത് പേടിച്ചു വിറച്ചു നിൽക്കുന്ന ഒരു പയ്യനെയും അദ്ദേഹം ആൾക്കൂട്ടത്തിൽ ശ്രദ്ധിച്ചു. ആ തടിയൻ ഒന്നനങ്ങിയാൽ ആ പയ്യൻ പേടിച്ചു നോക്കും. യോഗത്തിനൊടുവിൽ വിൽസണു മനസ്സിലായി അയാളൊരു ക്രൂരനും പയ്യൻ അവന്റെ അടിമയുമാണ്. ഉടനെ തന്നെ ആ പയ്യനെ വിലയ്ക്കുവാങ്ങി മോചിപ്പിക്കുവാനുള്ള ശ്രമം തുടങ്ങി. അടിമയുടെ ഉടമ കൂടുതൽ പണത്തിനുവേണ്ടി വിലപേശി. ഒടുവിൽ അയാൾക്കു നല്ല വില കിട്ടിയെന്നു തോന്നിയപ്പോൾ ആ കുട്ടിയെ വിറ്റു.

അവനെയും കൊണ്ട് വീട്ടിൽ ചെന്നപ്പോഴും ആ കുട്ടി പേടിച്ചു വിറയ്ക്കുകയായിരുന്നു. വിൽസൺ അവനോടു സംസാരിക്കാൻ തുടങ്ങി: "മകനേ, ഞാൻ നിന്നെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ ഇപ്പോൾ നീ എന്റേതാണ്. നിനക്ക് ഇഷ്ടമുള്ളതു തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്. നിനക്ക് നിന്റെ സ്വന്ത ജനങ്ങളോടൊപ്പം താമസിക്കാൻ വനത്തിലേക്കു പോകാം, അല്ലെങ്കിൽ എന്റെ കുടുംബാംഗം എന്ന നിലയിൽ എന്റെ വീട്ടിൽ കഴിയാം."

മിഷനറി പറഞ്ഞതിന്റെ അർഥം എന്താണെന്നു മനസ്സിലായ

പ്പോൾ നിറകണ്ണുകളോടെ ആ ബാലൻ അദ്ദേഹത്തിന്റെ മുഖത്തേക്കു നോക്കി പറഞ്ഞു: "മിസ്റ്റർ വിൽസൺ, ഞാൻ എന്നേക്കും അങ്ങയുടെ അടിമയായിരിക്കും."

ബുദ്ധിപൂർവമായ മറ്റൊരു മറുപടി കൊടുക്കാൻ ആ പയ്യനു കഴിയുമോ? അതുപോലെ നാമും പറയണം, "കർത്താവായ യേശുവേ, ഞാൻ എന്നേക്കും അങ്ങയുടെ അടിമയായിരിക്കും. കയ്യും കാലും സ്വനവും മനവും എല്ലാം യേശുവിനായ്. അങ്ങ് രക്തമൊഴുക്കി എനിക്കുവേണ്ടി മരിച്ചുവല്ലോ; അതിനാൽ ഞാൻ അങ്ങേയ്ക്കുവേണ്ടി ജീവിക്കും." ദൈവം നമ്മോടു കാട്ടിയ കരുണ നിമിത്തം നാമവനോടു കടപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതം അവന്റെ മുമ്പിൽ സമ്പൂർണമായി സമർപ്പിക്കുക എന്നതല്ലാതെ ബുദ്ധിപൂർവമായ മറ്റൊരു പ്രതികരണമില്ല (റോമ. 12:1–2).

## നിങ്ങളുടെ അയൽവാസി

അപ്പോൾ നമുക്ക് രണ്ടാമതൊരു കടപ്പാടുണ്ട്. അത് നമ്മുടെ സഹജീവികളോടാണ്. അടിസ്ഥാനപരമായി ക്രിസ്ത്യാനിത്വം നിസ്വാർഥമാണ്. യവനന്മാർക്കും ബർബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും നാം കടക്കാരാണ് (റോമ. 1:14). "സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം!" എന്ന ഒരു മാർമികമായ നിർബന്ധമാണത് (1 കൊരി. 9:16).

അതുകൊണ്ട് താഴെപ്പറയുന്നവ കണക്കിലെടുക്കാതെ തീക്ഷ്ണതയുള്ള യുവക്രിസ്ത്യാനികൾക്ക് ജീവിതത്തെക്കുറിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കുകയില്ല.

1. ചുറ്റുമുള്ള ലോകം നശിച്ചുകൊണ്ടിരിക്കുകയാണ്.ക്രിസ്തുവില്ലാതെ പാപത്തിലും നാശത്തിലും, ഒരോ ദിനവും ഒരായിരമാത്മാക്കൾ, ഒന്നൊന്നായി അകലുന്നു.
2. അവർണനീയമായ സ്വർഗീയ സന്തോഷം രക്ഷിക്കപ്പെട്ടവരെ കാത്തിരിക്കുന്നു. എന്നാൽ ക്രിസ്തുവില്ലാതെ മരിക്കുന്നവരെ അവർണനീയമായ നിത്യദുഃഖമാണു കാത്തിരിക്കുന്നത്. ഓരോ ക്രിസ്ത്യാനിയും ദിവസവും ഒരു മണിക്കൂർ ശാന്തമായിരുന്ന് നരകത്തെക്കുറിച്ചു ചിന്തിക്കണം—അതിന്റെ നിത്യത, അതിന്റെ ദുഃഖം, അതിന്റെ അന്ധകാരം, അതിന്റെ യാതന. അവർ തങ്ങളുടെ ബന്ധുക്കൾ, സുഹൃത്തുക്കൾ, അയൽക്കാർ എന്നിവരെ

ക്കുറിച്ചു ചിന്തിക്കണം. കാരണം അവരെല്ലാം പെട്ടെന്നു നരകത്തിലേക്കു പതിക്കുമല്ലോ. അതിനെക്കുറിച്ച് ദീർഘമായിതന്നെ ചിന്തിക്കണം, അലസരും നാമധേയക്കാരുമായ ക്രിസ്ത്യാനികളായി വീണ്ടും ജീവിക്കുവാൻ ഇടവരരുത്.

3. സുവിശേഷം സത്യമല്ലെങ്കിൽ അത് നിശ്ചയമായും തള്ളിക്കളയണം. എന്നാൽ സത്യമാണെങ്കിൽ അതു ഭൂമിയുടെ അറ്റത്തോളവും പ്രസംഗിക്കപ്പെടണം. ക്യാൻസർ സൗഖ്യമാക്കുവാനുള്ള മരുന്ന് അറിയാമായിരുന്നിട്ടും സ്വാർഥ ഉപയോഗത്തിനായി അതു മറച്ചുവെച്ചാൽ കൊലപാതകത്തിനു സമാനമാണത്. അതുപോലെ തന്നെ ആത്മാക്കളുടെ സൗഖ്യത്തിനുള്ള പ്രതിവിധി അറിയാമായിരുന്നിട്ടും അതു പങ്കുവെക്കാതിരിക്കുന്നത് ആത്മാവിനെ കൊലയ്ക്കു കൊടുക്കുന്നതിനു തുല്യമാണ്.

   ഉയരത്തിലെ ജ്ഞാനത്താൽ തങ്ങളുടെ ആത്മാവിൽ
   പ്രകാശം നേടിയവർ അന്ധകാരത്തിലിരിക്കുന്നവർക്കു
   ജീവൽപ്രകാശം നിഷേധിക്കാമോ?

4. ഈ തലമുറയിലെ ക്രിസ്ത്യാനികളെക്കൊണ്ടുമാത്രമേ ഈ തലമുറയിലെ മനുഷ്യവർഗത്തെ നേടുവാനാകയുള്ളൂ. അതുകൊണ്ട് നമ്മുടെ കടപ്പാട് മറ്റുള്ളവരെ ഏല്പിക്കാനാവില്ല.
5. നമുക്കു ലഭിച്ച മഹാനിയോഗം (മത്താ. 28:19–20) നാം എങ്ങനെ നിവർത്തിച്ചുവെന്നതിനു നാം കണക്കുബോധിപ്പിക്കേണം. ആത്മാക്കളുടെ രക്തക്കറ പുരണ്ട വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് നിത്യതയിലേക്കു പോകുവാൻ നമുക്കു ധൈര്യം തോന്നുമോ?
6. നാം കണ്ടുമുട്ടുന്ന ഓരോ വ്യക്തിയും രക്ഷകന്റെ കിരീടത്തിലെ രത്നമാകാൻ സാധ്യതയുള്ളവരാണ്. ആയതിനാൽ അവനുവേണ്ടി നാമവരെ സ്നേഹിക്കേണം. ഈ വസ്തുതകൾ നാം നേരിട്ടു ധൈര്യപൂർവം അഭിമുഖീകരിക്കണം. അല്ലാത്തപക്ഷം നമ്മുടെ ജീവിതനൗകയുടെ യാത്രയിൽ നാം ലക്ഷ്യമില്ലാത്തവരായി മാറുന്നു.

## സ്വന്തം താല്പര്യങ്ങൾ

നമ്മുടെ തന്നെ പ്രയോജനം പരിഗണിച്ചുകൊണ്ടായിരിക്കണം ജീവിതത്തിന്റെ പദ്ധതികൾ നാം രൂപീകരിക്കേണ്ടത്. പ്രഥമദൃഷ്ട്യാ അതു സ്വാർഥപരമാണെന്നു തോന്നും, എന്നാൽ അല്ല. എന്തുകൊണ്ടെന്നാൽ ഏറ്റവും നല്ലതുതന്നെ നാമനുഭവിക്കണമെന്ന് ദൈവം

ആഗ്രഹിക്കുന്നു. തന്റെ സ്നേഹത്താൽ നമുക്കായി കരുതിയിരിക്കുന്നതെല്ലാം നാം നേടത്തക്കവിധത്തിൽ ജീവിക്കണമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഇഹലോക ജീവിതത്തിലും പരലോക ജീവിതത്തിലും പ്രയോജനമുണ്ടാകത്തക്കവണ്ണം എങ്ങനെ എന്റെ താല്പര്യങ്ങളെ സംരക്ഷിക്കാനാകും? തുടർന്നു പറയുന്ന കാര്യങ്ങൾ ഒരു യുവ ക്രിസ്ത്യാനി ആഴമായി ചിന്തിക്കണം:

1. നിങ്ങളുടെ ആത്മാവ് രക്ഷപ്രാപിക്കുകയും ജീവതം നശിക്കുകയും ചെയ്യുവാൻ സാധ്യതയുണ്ട്.
2. ഈ ജീവിതം അതിൽ തന്നെയല്ല അതിന്റെ ലക്ഷ്യം, എന്നാൽ നിത്യതയ്ക്കുവേണ്ടിയുള്ള നിക്ഷേപമാണ്. "ജീവിതകാലം ഭരണകാലത്തിനുവേണ്ടിയുള്ള പരിശീലനകാലമാണ്."
3. നിങ്ങളുടെ മരണശേഷവും നിങ്ങൾക്കു പ്രവർത്തനം തുടർന്നു കൊണ്ടുപോകത്തക്കവിധം നിങ്ങളുടെ ജീവിതത്തെ ക്രമീകരിക്കാൻ സാധിക്കും. എഫ്.ഡബ്ല്യു. ബോർഹാം പറഞ്ഞു: "സ്വന്തം ശവക്കുഴിയിൽ കിടക്കുമ്പോഴും ചെയ്യത്തക്കവിധം തനിക്കു തന്നേ കുറച്ചു സത്യസന്ധമായ ജോലികൾ കൊടുക്കേണ്ടത് ഓരോ മനുഷ്യന്റെയും കർത്തവ്യമാണ്."
4. ഒരുദിവസം ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നാം നിൽക്കും. അപ്പോൾ എന്തായിരിക്കും കണക്കുകൂട്ടി നോക്കുന്നത്? ദൈവത്തിനുവേണ്ടി ജീവിച്ച ജീവിതം മാത്രം.
5. ആ ദിവസം വെറും കയ്യോടെ നിൽക്കേണ്ടിവരുമെന്ന ദുഃഖകരമായ സാധ്യതയുണ്ട്.

   ഒരുദിനം പോലും അവനായി വേലചെയ്യാതെ/ ഒരു ഫലം പോലും അവൻ പാദത്തിൽ വെക്കാതെ/ വെറുങ്കയ്യനായി ചെന്നാണോ എന്റെ വീണ്ടെടുപ്പുകാരനെ കാണേണ്ടത്?/ വെറുങ്കയ്യനായി പോയി നിന്നാണോ എന്റെ രക്ഷിതാവിനെ കാണേണ്ടത്?/ ഒരാത്മാവിനെയെങ്കിലും തിരുമുൽക്കാഴ്ചയർപ്പിക്കാതെ വെറുങ്കയ്യനായി ഞാൻ പോകണോ?

   —*സി.സി. ലൂതർ*

6. 'വിശ്വസ്തനേ!" എന്നുള്ള അവന്റെ വിളി നഷ്ടമായാൽ പിന്നെന്തു പ്രയോജനം.

ഒരു സത്യാമ്പേഷി അതുവഴി പോയപ്പോൾ ഒരുവന്റെ വേല ചെയ്യാ

നാവാതെ നിൽക്കുന്നതിൽ പരം നഷ്ടമെന്തുണ്ട്? സന്ധ്യക്കിരുന്നു കണക്കുനോക്കുമ്പോൾ എന്തു തോന്നും, കാരണം സന്ധ്യാവെളിച്ചത്തിൽ അതു തെളിഞ്ഞുകാണും, നമ്മെ വീണ്ടെടുത്ത കർത്താവ് അതു വഴി വന്നിരുന്നു, ആ സത്യാന്വേഷിയോട് ആരെങ്കിലും ഇങ്ങനെ വിളിച്ചോതുമെന്നു പ്രതീക്ഷിച്ച്: "ഇതാ, ലോകത്തിന്റെ പാപത്തെ ചുമക്കുന്ന കുഞ്ഞാട്" പക്ഷേ, നാമവിടെയില്ലായിരുന്നല്ലോ.[2]

ഒരു നിമിഷമെങ്കിലും നിന്നു ചിന്തിച്ചാൽ അതു നമുക്കു വെളിപ്പെടും, ഇപ്പോഴത്തേക്കും നിത്യതയിലേക്കും ഉതകുന്ന നമ്മുടെ നല്ല ഉദ്ദേശ്യങ്ങൾ ദൈവഹിതത്തിനുള്ളിൽ നിന്നാൽ തീർത്തും പ്രയോജനപ്പെടും. അതിനാൽ ഒന്നു നിന്ന് നമ്മുടെ താല്പര്യങ്ങളെന്താണെന്നു സ്വയം പരിശോധിക്കുകയും ഈ ചോദ്യങ്ങൾ നമ്മോടു ചോദിക്കുകയും ചെയ്യാം:

1. ദൈവത്തോടുള്ള എന്റെ ഉത്തരവാദിത്വം അവ തിരിച്ചറിയുന്നുണ്ടോ?

2. മനുഷ്യവർഗത്തോടുള്ള എന്റെ കടപ്പാട് അത് നിർവഹിക്കുന്നുണ്ടോ?

3. ഈ ലോകത്തിലും സ്വർഗത്തിലും അവയെനിക്കു വലിയ തായ പ്രയോജനം ചെയ്യുമോ?

ഈ നിബന്ധനകൾ അവ നിവർത്തിക്കുന്നില്ലെങ്കിൽ, അവ അയോഗ്യമായ അഭിലാഷങ്ങളാണ്. അവ നീക്കിക്കളയുക.

---

1. Quoted by H.A. Evan Hopkins, HENCEFORTH (London: The Inter-Varsity Fellowship, 1954), p. 23.
2. Amy Carmichael, GOLD CORD (London: Society for Promoting Christian Knowledge, 1932), p. 367, Copyright permission granted by Dhonavur Fellowship.

# 10

# ജീവന്റെ മഹത്തായ പ്രതിബദ്ധത

ദൈവത്തോടും അയൽക്കാരോടും തന്നോടുതന്നെയും ഓരോ വിശ്വാസിക്കും പവിത്രമായ കടപ്പാടുണ്ട് എന്ന് കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടു. ദൈവത്തോട്, സൃഷ്ടിയിലെ അവന്റെ പ്രവൃത്തിക്കും വീണ്ടെടുപ്പിനും കടപ്പാടുകൾ; തന്റെ അയൽക്കാരോട് ക്രിസ്തുവില്ലാതെ അവർ നിത്യനാശത്തിനിരയാണെന്നു പറയാൻ കടപ്പാട്. താൻ തന്നെ ഒരു ദിവസം ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടിവരുമെന്നും തന്റെ മുഴുജീവനും പരിശോധനയ്ക്കു വിധേയമാകും എന്നുള്ള വസ്തുത മറക്കാതിരിക്കാനുമുള്ള കടപ്പാട്.

ഈ ത്രിവിധ ഉത്തരവാദിത്വങ്ങൾ എങ്ങനെ ഒരു ക്രിസ്ത്യാനിക്കു പൂർത്തിയാക്കുവാൻ കഴിയും? സ്വയത്തിനുവേണ്ടി മാത്രം ജീവിച്ചാൽ ഇവിടത്തെ ജീവിതം പരിതാപകരവും അടുത്ത ജീവിതം ദുരിതപൂർണവുമാകും. ഇതാണോ അവന്റെ അഭിലാഷങ്ങളെ പൂർത്തിയാക്കുന്നത്?

സുവിശേഷം പറയാതെ അയൽക്കാരന്റെ ജീവിതം നന്നാക്കാനായി ജീവിച്ചാൽ യഥാർഥ നന്മയായിരിക്കുകയില്ല ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ മനുഷ്യനു വേണ്ടുന്നത് ക്രിസ്തുവിനെയാണ്. ക്രിസ്തുവില്ലാതെ അവർ നിത്യനാശത്തിനിരയാകും. ദൈവത്തെ പരമമായി സ്നേഹിക്കുന്ന ഒരുവൻ നിശ്ചയമായും സുവിശേഷത്തിലൂടെ മനുഷ്യനെ സഹായിക്കും. അപ്രകാരം ചെയ്യുന്നതിൽ അവൻ തന്റെ ആഗ്രഹങ്ങളെ പൂർത്തീകരിക്കുന്നു. ഇപ്പോഴുള്ള ജീവിതത്തിൽ ആനന്ദവും വരുവാനുള്ളതിൽ പ്രതിഫലവും പ്രാപിക്കും.

അതുകൊണ്ട് ക്രിസ്തീയ ജീവിതവിജയത്തിന്റെ വലിയ രഹസ്യമെന്നു പറയുന്നത് ഒരുവന്റെ ജീവൻ മുഴുവൻ ദൈവത്തിനു സമർപ്പിക്കുന്നതാണ്. നമ്മുടെ ജീവന് ഏറ്റവും പ്രയോജനമുള്ളത് എന്തെന്നു നമുക്കറിയില്ല എന്ന തുറന്ന സമ്മതത്തോടുകൂടെയാണ് തുടങ്ങുന്നത്. യിരെമ്യാവ് ഈ മനോഭാവം വളരെ വ്യക്തമായി

ഈ വക്യത്തിൽ പറയുന്നു: "യഹോവേ, മനുഷ്യനു തന്റെ വഴിയും നടക്കുന്നവനു തന്റെ കാലടികളെ നേരെ ആക്കുന്നതും സ്വാധീന മല്ല എന്നു ഞാൻ അറിയുന്നു" (യിരെ. 10:23).

ദൈവത്തിനു നമ്മെക്കുറിച്ച് "ഏറ്റവും നല്ല പദ്ധതിയുണ്ട്" എന്നും അതു നാം ആത്മാർഥമായി ആഗ്രഹിച്ചാൽ അവന്റെ "ഏറ്റവും നല്ലത്" നമുക്കു ലഭിക്കുമെന്നുമുള്ള ആഴമായ ബോധ്യം കുടെയാണത്. അല്ലായെങ്കിൽ അവന്റെ "രണ്ടാം തരമോ" "മൂന്നാം തരമോ" "അതിലും കുറഞ്ഞതോ" മാത്രമേ നമുക്കു ലഭിക്കുകയുള്ളൂ.

ഇതു വാസ്തവമായി വിശ്വസിക്കയിൽ യുക്തിബോധമുള്ള വരെന്ന നിലയിൽ, നമ്മുടെ ജീവിതത്തെ അവനു സമർപ്പിക്കുക യെന്ന ജീവിതത്തിലെ ഏറ്റവും വലിയ തീരുമാനമെടുക്കാൻ നാം നിർബന്ധിക്കപ്പെടുന്നു. സമർപ്പിക്കുക എന്നാൽ നമ്മുടെ സർവ സ്വവും അവനു കൊടുക്കുക എന്നാണ്—ദേഹവും ദേഹിയും ആത്മാവും. സർവാംഗസമർപ്പണമാണ് അവിടെ നടക്കുന്നത്, നാ മായിരിക്കുന്നതും നമുക്കുള്ളതുമെല്ലാം. നമ്മുടെ ഇച്ഛാശക്തിയെ നിരുപാധികം അവന്റെ മുമ്പിൽ ഉപേക്ഷിക്കുകയാണത്. അതിന്റെ യർഥം, സമ്പൂർണമായ കീഴടങ്ങൽ.

താൻ രക്തസാക്ഷിയാകുന്നതിന് ഒമ്പതു വർഷങ്ങൾക്കു മുമ്പ് ബെറ്റി സ്റ്റാം ജീവിതത്തിന്റെ മഹത്തായ തീരുമാനമെടുത്തു. അവർ തന്റെ ബൈബിളിൽ ഇപ്രകാരം എഴുതി:

> കർത്താവേ, എന്റെ ഉദ്ദേശ്യങ്ങളും പദ്ധതികളും, എന്റെ എല്ലാ ആഗ്രഹങ്ങളും പ്രതീക്ഷകളും അഭിലാഷങ്ങളും (ശാരീരികമോ ആത്മികമോ ആയത്) ഞാൻ ഉപേക്ഷിക്കുന്നു. തിരുഹിതം എന്റെ ജീവിതത്തിൽ ഞാൻ ഏറ്റെടുക്കുന്നു. ഞാൻ എന്നെത്തന്നെയും എന്റെ ജീവനെയും എന്റെ സർവസ്വവും തിരുമുമ്പിൽ എന്നെന്നേ ക്കുമായി അർപ്പിക്കുന്നു. എന്റെ സൗഹൃദങ്ങളെല്ലാം സൂക്ഷിപ്പിനാ യി നിന്റെ കയ്യിലേൽപ്പിക്കുന്നു. ഞാൻ സ്നേഹിക്കുന്ന എല്ലാവർ ക്കും രണ്ടാം സ്ഥാനമേ എന്റെ ഹൃദയത്തിലുള്ളൂ. അങ്ങയുടെ പരി ശുദ്ധാത്മാവിനാൽ എന്നെ നിറയ്ക്കണമേ. എന്തു വിലയായാലും ഇപ്പോഴും എന്നെന്നേക്കും തിരുഹിതം മുഴുവനും എന്നിൽ പൂർത്തി യാക്കണമേ. എനിക്കു ജീവിക്കുന്നത് ക്രിസ്തു.[1]

ഈജിപ്റ്റിൽവെച്ചു സെറിബ്രൽ മെനിഞ്ചൈറ്റിസ് ബാധിച്ചു

മരിക്കുന്നതിനു ചില വർഷങ്ങൾക്കു മുമ്പെ യേൽ യൂണിവേഴ്സിറ്റിയിലെ വില്യം ബോർഡൻ തന്റെ മഹത്തായ പ്രതിബദ്ധത പ്രഖ്യാപിച്ചു. അപ്പോഴദ്ദേഹം സുവിശേഷവുമായി ചൈനയിലേക്കു യാത്രചെയ്യുകയായിരുന്നു:

കർത്താവാമേശുവേ, എന്റെ ജീവിതത്തിന്മേലുള്ള എന്റെ നിയന്ത്രണം ഞാൻ വിടുന്നു. എന്റെ ഹൃദയസിംഹാസനത്തിൽ അങ്ങയെ അവരോധിക്കുന്നു. അങ്ങ് തീരുമാനിക്കും പോലെ എന്നെ മാറ്റുക, ശുദ്ധമാക്കുക, ഉപയോഗിക്കുക. നിന്റെ പരിശുദ്ധാത്മാവിന്റെ പൂർണശക്തി എനിക്കു തരിക. അങ്ങേയ്ക്കു നന്ദി.

(ബോർഡന്റെ ബൈബിളിന്റെ അവസാനപേജിൽ പ്രശസ്തമായ ഈ മൂന്നുവാക്കുകൾ കുറിച്ചിട്ടിരുന്നു: No Reserve, No Retreat, No Regret—ഉപാധികളില്ല, പിന്മാറുന്നില്ല, ദുഃഖിക്കുന്നില്ല.)

പൂർവദേശത്തെ ആ തോട്ടത്തിൽ ഉയർന്ന അതിമഹത്തായൊരു ശബ്ദത്തിന്റെ മാറ്റൊലികൾ മാത്രമാണവ. ആ ശബ്ദം ഇതായിരുന്നു: "എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നേ ആകട്ടെ."

ദൈവിക കാര്യങ്ങളിൽ മുന്നേറുവാൻ ആഗ്രഹിക്കുന്ന എല്ലാവരുടെയും ആഗ്രഹം അതായിരിക്കണം. അതിനുവേണ്ടി ആദ്യമായി സ്വയേച്ഛയെ ഉപേക്ഷിച്ചുകളഞ്ഞ് തന്നെത്തന്നെ ജീവനുള്ള യാഗമായി ദൈവത്തിനു സമർപ്പിച്ചുകൊണ്ട് ഇതു പറയുക:

ഞാൻ പോകണമെന്ന് നീ പറയുന്നിടത്തു ഞാൻ പോകും;<br>
ഞാൻ ചെയ്യണമെന്ന് നീ പറയുന്നതു ഞാൻ ചെയ്യും;<br>
ഞാൻ പറയണമെന്ന് നീ പറയുന്നതു ഞാൻ പറയും;<br>
ഞാൻ ആയിരിക്കണമെന്ന് നീ പറയുന്നതുപോലെ ഞാനാകും.

ഒരിക്കൽ ഈ നിരുപാധികമായ സമർപ്പണം ചെയ്തുകഴിഞ്ഞാൽ അതു നിശ്ചയമായും ദൈനംദിന പ്രയോഗത്തിൽ വരുത്തണം. ഒരു വിശ്വാസി സമർപ്പണത്തിന്റെ ഒരവസ്ഥയിൽ സ്വയമായി നിലനിർത്തണം. യജമാനന്റെ ഏത് ആജ്ഞയും സ്വീകരിപ്പാൻ കാതോർത്തിരിക്കുന്ന ഒരടിമയാണ് താനെന്ന് അവൻ ഓർത്തുകൊള്ളേണം. ജീവിതത്തിന്റെ എല്ലാ മേഖലയിലും ക്രിസ്തുവിന്റെ കർത്തൃത്വം അവൻ അംഗീകരിക്കണം.

അപ്പോൾ എന്തു സംഭവിക്കും? ശാരീരികമായ ഒരു രൂപാന്ത

രം ആ വ്യക്തിക്ക് ഉണ്ടാകുമോ? ഗുരുതരമായ എന്തെങ്കിലും വൈകാരിക പ്രതിസന്ധി നേരിടുമോ? സ്വർഗത്തിൽനിന്ന് അഗ്നിയാലുള്ള ഉത്തരം ലഭിക്കുമോ?

അധികം സംഭവങ്ങളിലും ബാഹ്യമായ എന്തെങ്കിലും ലക്ഷണമോ പ്രദർശനമോ കാണുകയില്ല. അതിനു പകരം സ്വർഗത്തിലെ ദൈവം കേട്ടുവെന്നും യാഗം സ്വീകരിച്ചുവെന്നുമുള്ള വിശ്വാസത്തിന്റെ ശാന്തമായൊരുറപ്പ് ലഭിക്കും. പാപികളുടെ പ്രാർഥന കേട്ട് അവരെ രക്ഷിക്കുമെന്നതുപോലെ. അതുകൊണ്ട് ജീവനുള്ള യാഗങ്ങളായി അവന്റെയടുക്കൽ നാം ചെല്ലുമ്പോൾ അവൻ നമ്മെ സ്വീകരിക്കുമെന്ന് നാം വിശ്വസിക്കണം.

ഇതിനെക്കുറിച്ചുള്ള ഗൗരവം കുറഞ്ഞുപോകാമെന്ന അപകടം ഇതിൽ പതിയിരിക്കുന്നുണ്ട്. ദിനചക്രം പതിവുപോലെ കറങ്ങിക്കൊണ്ടിരിക്കും. ഒരുപക്ഷേ, ദിനന്തോറുമുള്ള ചുമതലകൾ നിസ്സാരമായും വിരസമായും തോന്നും. എന്നാൽ വലിയ കാര്യം നാം മനസ്സിലാക്കിയിരിക്കണം, നീ സഞ്ചരിക്കുന്ന പാത നിനക്കുവേണ്ടി വെട്ടിയിട്ടുള്ളതാണ്. ചെറിയ കാര്യങ്ങളിൽ നീ വിശ്വസ്തനായിരിക്കുന്നതുപോലെ പ്രതിസന്ധികളിൽ ദൈവം നിന്നെ വിശ്വസ്തതയോടെ കാക്കും. അടിവെച്ചടിവെച്ച് അവൻ നിന്നെ നടത്തും. വിചിത്രമെന്നു തോന്നുമെങ്കിലും അപ്രതീക്ഷിതമായ സംഭവങ്ങൾ തമ്മിലുള്ള പൊരുത്തത്തെക്കുറിച്ചു നിങ്ങൾ കൂടുതൽ ബോധവാനാകും. കാര്യങ്ങൾ വ്യക്തമാകുന്നതായി നിങ്ങൾക്കു പിടികിട്ടും. നിങ്ങൾക്കു സ്വയമേവ തുറക്കാൻ കഴിയാതിരുന്ന വാതിലുകളിലൂടെ നിങ്ങളെ തേടി അവസരങ്ങൾ വരുന്നതായി കാണാൻ കഴിയും. ദൈവനടത്തിപ്പ് വളരെ വ്യക്തമാകാതിരുന്ന പല സമയങ്ങളുണ്ടായിരുന്നെങ്കിലും, സമർപ്പണത്തോടെയുള്ള മുൻവർഷങ്ങളിലെ ജീവിതത്തെക്കുറിച്ച് ഓർക്കുമ്പോൾ, ദൈവമായിരുന്നു നയിച്ചുകൊണ്ടിരുന്നത് എന്നും നിങ്ങളുടെ ജീവിതം "അനുഗൃഹീത"മായിരുന്നുവെന്നും മനസ്സിലാകും.

അതിൽ കാത്തിരിപ്പ് ഉൾപ്പെടുന്നു—സുദീർഘമായ, വേദനയോടുകൂടിയ കാത്തിരിപ്പ്—അത്ര നന്നായി നാം കാത്തിരിക്കാറില്ല. എന്നാലത് നമ്മുടെ പരിശീലനത്തിന്റെ ഭാഗമാണ്.

പിന്മാറ്റത്തിൽ പോകാനും വീണ്ടുവിചാരം നടത്താനും യാഗ പീഠത്തിൽനിന്ന് ഇറങ്ങിപ്പോകാനുമുള്ള സാധ്യതയുണ്ടെന്ന അപകടം എപ്പോഴുമുണ്ട്. തന്റെ സ്വീകരണമുറിയുടെ ഭിത്തി യിൽ ഒരു വിശ്വാസി തന്റെ ലക്ഷ്യവാചകം തൂക്കിയിട്ടിരുന്നു: “കർത്താവേ, എന്തു വിലകൊടുത്തും എന്നെ നിനക്കായി ഉപ യോഗിക്കണമേ.” എന്നാൽ ഒരു ദിവസം അവൻ പതുക്കെ ചെന്ന് അത് എടുത്തുമാറ്റി—വില അല്പം കൂടിപ്പോയെന്ന്! സമർപ്പി ക്കുന്ന യാഗം ഇങ്ങനെ എടുത്തുമാറ്റാവുന്നത് ആയിരിക്കരുത്. കലപ്പയ്ക്കു കൈവെച്ചശേഷം തിരിഞ്ഞുനോക്കുന്നവൻ ദൈവ രാജ്യത്തിനു കൊള്ളാകുന്നവനല്ല (ലൂക്കൊ. 9:62).

സമർപ്പണമുള്ള ജീവിതത്തിൽ എന്തെല്ലാം സംഭവിച്ചാലും ഖേദമില്ല. “ഉപാധികളില്ലാത്ത, പിന്തിരിയാത്ത, ഖേദമില്ലാത്ത” ജീവിതമെന്നാണ് ബോർഡൻ അതിനെക്കുറിച്ചു പറഞ്ഞത്. അതാണ് ഫലകരമായ ജീവിതം. ഇപ്പോൾ നാമെല്ലാവരും ഇത് വ്യക്തിപരമാക്കണം, പ്രായോഗികമാക്കണം. താഴെപ്പറയുന്ന ചോദ്യങ്ങൾ ദൈവസന്നിധിയിലെന്നപോലെ ധൈര്യത്തോടും സത്യസന്ധതയോടും കൂടെ നാമോരോരുത്തരും നേരിടണം.

*ജീവിതത്തിന്റെ മഹത്തായ പ്രതിബദ്ധതയുടെ ഈ തീരു മാനം താങ്കൾ എടുത്തിട്ടുണ്ടോ?*

*വാസ്തവമായി ദൈവത്തിനവകാശപ്പെട്ട ജീവിതത്തെ വിട്ടുകൊ ടുക്കാതെ ദൈവവുമായി മല്ലടിക്കുകയാണോ താങ്കൾ?*

*നിനക്കുവേണ്ടി മരിച്ച രക്ഷകനുവേണ്ടി ചെയ്യുന്ന ഏതു ത്യാഗ വും അവൻ ചെയ്തതിനെക്കാൾ വലുതാണോ?*

*താങ്കൾ കടന്നുപോകുവാൻ ഇഷ്ടപ്പെടാത്ത സ്ഥലങ്ങൾ ഇപ്പോഴുമുണ്ടോ?*

*നിങ്ങളുടെ നിലവാരത്തിനു ചേരാത്ത ചില തലങ്ങളിലേക്കു ദൈവം നിങ്ങളെ ശുശ്രൂഷയ്ക്കായി വിളിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്നുണ്ടോ?*

*ഇപ്പോൾ തന്നെ നിരുപാധികമായി കർത്താവിനുവേണ്ടി നിങ്ങ ളുടെ ജീവിതത്തെ സമർപ്പിക്കുവാനുള്ള ധൈര്യമുണ്ടോ?*

***അതു ചെയ്യാതിരിക്കുവാനുള്ള തന്റേടമുണ്ടോ?***

# 11

# ജീവിതത്തിൽ തൊഴിലിന്റെ പങ്ക്

ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പണം ചെയ്യുന്നതിനെക്കുറിച്ച് ചർച്ചചെയ്യുമ്പോഴൊക്കെയും ആരെങ്കിലുമൊരാൾ സ്വയം ന്യായീകരിച്ചുകൊണ്ട് ഈ ചോദ്യമുന്നയിക്കും: "എനിക്കു ജീവിക്കാനൊരു തൊഴിൽ വേണ്ടായോ?" ചിന്താശക്തി ഇങ്ങനെയും ആശയക്കുഴപ്പത്തിലാകുമോ? ആ ചോദ്യത്തിന്റെ ആശയമിതാണ്:

1. എന്തു സംഭവിച്ചാലും ശരി, എനിക്കു ജീവിക്കണം.
2. ക്രിസ്തുവിനുവേണ്ടി തങ്ങളുടെ ജീവിതം സമർപ്പിക്കുന്നവർ യാന്ത്രികമായി പൂർണസമയ ശുശ്രൂഷയിലകപ്പെടുമെന്നും ജീവിക്കാനൊരു തൊഴിലും ചെയ്യില്ല എന്നും.
3. ദൈവത്തിനുവേണ്ടി സമർപ്പിച്ചാൽ പട്ടിണികിടക്കാനുള്ള സാധ്യത കൂടുതലാണ്, എന്നാൽ 'നല്ലൊരു തൊഴിൽ' ഉണ്ടെങ്കിൽ ആ പ്രശ്നം ഇല്ല.

പ്രഥമദൃഷ്ട്യാ തന്നെ അതു തെറ്റായ യുക്തിയാണ്, എന്തുകൊണ്ടെന്നാൽ നമുക്ക് ജീവിക്കേണ്ട കാര്യമില്ല. കർത്താവായ യേശുവിന്റെ അടിമകൾ തങ്ങൾ പോകുന്നതിന്റെ രീതിയോ സമയമോ തിരഞ്ഞെടുക്കുകയില്ല. അവനാഗ്രഹിക്കുന്നയിടത്തോളം ജീവിക്കുക അത്ര തന്നെ. അതുവരെ നാം അമർത്യരാണ്.

രണ്ടാമതായി അതു തെറ്റാണ്. എന്തുകൊണ്ടെന്നാൽ എല്ലാ വിശ്വാസികളും പൂർണസമയ ശുശ്രൂഷയിലായിരിക്കണം. ചിലർക്ക് അവരുടെ ഓഫീസ് മിഷൻ ഫീൽഡാണ്, മറ്റു ചിലർക്ക് അടുക്കളയാണു മിഷൻഫീൽഡ്. ചിലർ ആഫ്രിക്കയിലെ ജാതികളോടു സുവിശേഷം പറയുന്നു, മറ്റു ചിലർ യു.എസ്.എ.യിലെ ജാതികളോടു സുവിശേഷം പറയുന്നു.

അവസാനമായി അതു തെറ്റാണ്. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന്റെ ഹിതത്തിനു പ്രഥമസ്ഥാനം കൊടുക്കുന്നവർക്ക് ജീവിതത്തിനാവശ്യമുള്ളതൊക്കെയും ലഭിക്കുമെന്നതു മറന്നുപോകുന്നു.

ശസ്തമാണല്ലോ. ഇത്രയും തിരക്കുള്ള മനുഷ്യനായ തനിക്കു സണ്ടേസ്കൂൾ ശുശ്രൂഷയിൽ എങ്ങനെ വ്യാപൃതനാകാൻ കഴിയുന്നുവെന്ന് ചോദിച്ചപ്പോൾ താൻ പറഞ്ഞത്: "സണ്ടേസ്കൂളാണ് എന്റെ ജോലി! മറ്റു കാര്യങ്ങളെല്ലാം അപ്രധാനമാണ്. അമ്പതു വർഷങ്ങൾക്കു മുമ്പ് ഞാൻ നിശ്ചയിച്ചു, കർത്താവിന്റെ വാഗ്ദത്തം ഉറപ്പുള്ളതാണ്. 'മുമ്പെ അവന്റ രാജ്യവും നീതിയും അന്വേഷിക്കുക അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു ലഭിക്കും'."

മനസ്സിൽ കരുതിക്കൊള്ളേണ്ടുന്ന പ്രധാന പോയിന്റാണിത്, ദൈവത്തിന്റെ വേലയ്ക്ക് ഒന്നാം സ്ഥാനവും മറ്റു വ്യാപാരങ്ങൾ ക്കു രണ്ടാം സ്ഥാനവും. നമ്മുടെ തൊഴിൽ അതർഹിക്കുന്നതിനെക്കാൾ വലുതാകുമ്പോൾ അപകടമാണ്. കൂടാരത്തിലിരുന്ന യജമാനനെ തള്ളിപ്പുറത്താക്കിയിട്ട് അകത്തു കയറി തണൽകൊള്ളുന്ന ഒട്ടകത്തെപ്പോലെ. പലപ്പോഴും തൊഴിൽ യഥാർഥയജമാനനെ ഞെരുക്കി പുറത്താക്കുന്നു. തന്റെ തൊഴിൽ ബാധ്യതകൾ ഒരുവനെ സഭായോഗങ്ങളിൽനിന്ന് അകറ്റി നിർത്തുന്നു. അത് അവന്റെ സമയത്തിന്റെ സിംഹഭാഗവും കവർന്നെടുക്കുന്നു. തന്റെ ക്രിസ്തീയ ശുശ്രൂഷ അപ്രയോജനകരമാകുന്നവിധം അത് ഇടങ്കോലിടുന്നു.

ഒരു വിശ്വാസിയുടെ ജന്മാവകാശം അവനു നിഷേധിക്കപ്പെടുന്നുവെന്നതാണ് പൊതുവായ ഫലം. ജോവെറ്റ് പറയുംപോലെ, "ഒരു താല്കാലിക സ്ഥാപനത്തിലെ ഒരു ചെറിയ ജോലിക്കാരനായി" മാത്രം അവൻ തീരുന്നു. "താഴ്ന്നതിനെ മുറുകെ പിടിച്ചുകൊണ്ട്" മുഖ്യമായതിനെ അവൻ നഷ്ടപ്പെടുത്തുന്നു.

8. ജോലിക്കു രണ്ടാം സ്ഥാനമാണുള്ളതെന്നു നാം പറയുമ്പോൾ, അത് അശ്രദ്ധയോടും അനിഷ്ടത്തോടുമാണ് ചെയ്യേണ്ടതെന്ന് അർഥമില്ല. കർത്താവിന് എന്നതുപോലെ അത് കൃത്യമായും ആത്മാർഥമായും ചെയ്യുന്നത് വലിയ ക്രിസ്തീയ സാക്ഷ്യമാണ്. തന്നെ ജോലിക്ക് എടുത്ത മുതലാളി നൽകുന്ന ഓരോ മണിക്കൂറിന്റെയും ശമ്പളത്തിനു പകരമായി അറുപതു മിനിറ്റു വീതമുള്ള കൃത്യമായ സേവനം ഒരു ദൈവപൈതൽ കാഴ്ചവെക്കണം. തന്റെ മുതലാളിയുടെ സമയം മെനക്കെടുത്തി മറ്റുള്ളവരോടു സുവിശേഷം അറിയിക്കാൻ പോകരുത്. അതിനുവേണ്ടി സ്വന്തം സമയം സ്വന്തം ചെലവിൽ കണ്ടെത്തേണ്ടതാണ്.

എപ്പോഴാണ് മുതലാളിയുടെ നിബന്ധനകൾ കർത്താവിനോടുള്ള തന്റെ ഉത്തരവാദിത്വത്തിനുള്ളിൽ കുടിയേറാൻ ശ്രമിക്കുന്നതെന്നു മനസ്സിലാക്കുവാൻ വിശ്വാസിക്കു മിക്കപ്പോഴും ബുദ്ധിമുട്ടാണ്. അവ തമ്മിലുള്ള സന്തുലനം നിലനിർത്തുവാൻ മിക്കപേർക്കും സാധിക്കുന്നില്ല. എന്നാൽ ഇത്രയും ഉറപ്പാണ്! ഈ വിഷയത്തിൽ ഒരുവൻ ദൈവത്തെ മാനിച്ചാൽ ദൈവം അവനെ മാനിക്കും. ജോലി ഉപേക്ഷിക്കേണ്ടുന്ന സാഹചര്യം ഉണ്ടായലും ദൈവം അവനെ അപ്പം ഇരക്കുവാൻ അനുവദിക്കുകയില്ല.

9. രക്ഷിക്കപ്പെടാത്ത ഒരുവൻ ചെയ്യുന്ന കാര്യം തന്നെ ഒരു വിശ്വാസിയും ചെയ്തുപോയേക്കുമെന്ന തെറ്റ് ഒഴിവാക്കേണ്ടതാണ്. കർത്താവായ യേശു പറഞ്ഞു: "മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ; നീ പോയി ദൈവരാജ്യം പ്രസംഗിക്കുക" (ലൂക്കൊ. 9:60). മരിച്ചവരെ ആർക്കു വേണമെങ്കിലും അടക്കാം, എന്നാൽ രക്ഷിക്കപ്പെട്ടവർക്കു മാത്രമേ ക്രിസ്തുവിന്റെ രക്ഷണ്യകൃപയെക്കുറിച്ച് സാക്ഷിക്കുവാനൊക്കുകയുള്ളൂ. അതുകൊണ്ട് നമുക്ക് ഒരു ഒഴികഴിവും പറയാനാകയില്ല.
10. കർത്താവിനുവേണ്ടി നാം ചെയ്യാത്ത ഒരു കാര്യം ലോകത്തിലെ ലാഭത്തിനായി ഒരിക്കലും ചെയ്യരുത്. സഭയ്ക്കുവേണ്ടി നാം ചെയ്യുവാൻ താൽപ്പര്യപ്പെടാത്ത ഒരു കാര്യം കമ്പനിക്കുവേണ്ടി ഒരിക്കലും ചെയ്യരുത്.
11. ഒരുവൻ തന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടെ ചെയ്യുമ്പോൾ, ദൈവം അവനെ ചെറിയ രീതിയിൽ ഉപയോഗിക്കുമ്പോൾ, കർത്താവ് അവന്റെ ശുശ്രൂഷയുടെ അതിരുകളെ വിശാലമാക്കുന്നു. കർത്താവിന്റെ വേലയ്ക്കുവേണ്ടി അവന്റെ സമയത്തിൽ അധിക പങ്കും ഉപയോഗിക്കപ്പെട്ടുവെന്നു വരികിൽ തന്റെ ദൈനംദിനാവശ്യങ്ങൾ അതതു സമയത്തു നടക്കുന്നുവെന്ന് അവൻ മനസ്സിലാക്കും. ഒരുപക്ഷേ, തന്റെ പൂർണസമയവും സ്വദേശത്തോ വിദേശത്തോ സുവിശേഷം അറിയിക്കാനും വചനം പഠിപ്പിക്കാനുമായി ദൈവത്തിന്റെ വ്യക്തമായ വിളി അവനു ലഭിക്കും. കർത്താവ് അവനെ വ്യക്തമായി നയിക്കുന്ന അത്തരം കാര്യങ്ങളിൽ ഒരു ക്രിസ് ത്യാനി തന്റെ ആവശ്യങ്ങൾ എങ്ങനെ നടക്കുമെന്ന് ഒട്ടും ഭയക്കാതെ മുന്നോട്ടു പോകണം. ദൈവം

# 13

# ആവേശപൂർവമായ ജീവിതം

കർത്താവായ യേശുക്രിസ്തു ഏതെങ്കിലും ഒരു കാര്യത്തിൽ യോഗ്യനാണെങ്കിൽ അവൻ സകലത്തിനും യോഗ്യനാണ്. അവൻ നമുക്കുവേണ്ടി ജീവൻ വെടിഞ്ഞു എങ്കിൽ നാമും അവനുവേണ്ടി ജീവൻ വെടിയണം. അവൻ തന്റെ ശരീരം നമുക്കുവേണ്ടി തന്നു എങ്കിൽ നാം നമ്മുടെ ശരീരം അവനുവേണ്ടി കൊടുക്കണം.

ഒരു യഥാർഥക്രിസ്ത്യാനി ശരിക്കും ഒരു മതഭ്രാന്തനാണ്. നിന്ദയ്ക്കും പരിഹാസത്തിനും അവൻ പാത്രമാണ്. അവൻ ഈ ലോകത്തിനുള്ളവനല്ല. അവൻ "മറ്റുള്ള മനുഷ്യരെപ്പോലെ" ആയിക്കഴിഞ്ഞാൽ അവന്റെ യഥാർഥ സ്വഭാവസവിശേഷതകളെല്ലാം നഷ്ടപ്പെടുകയാണു ചെയ്യുന്നത്.

ആദർശപൂർണനായ ഒരു വിശ്വാസി ആവേശത്തോടുകൂടി ജീവിക്കും. അവൻ കർത്താവിനുവേണ്ടി തീക്ഷ്ണതയുള്ളവനായിരിക്കും. "എനിക്ക് ഒരാവേശമേയുള്ളൂ, അത് അവനാണ്. അതു ക്രിസ്തുമാത്രമാണ്" എന്നു പറഞ്ഞ സിൻസെൻഡോർഫ് പ്രഭുവിനെപ്പോലെയായിരിക്കും ആദർശപൂർണനായ വിശ്വാസി. ക്രിസ്തു കഴിഞ്ഞിട്ടേയുള്ളൂ ബാക്കിയെല്ലാം. കർത്താവിനുവേണ്ടി നേരിടുന്ന ഒരു ത്യാഗവും അധികമായി ദൈവമനുഷ്യർ പരിഗണിക്കയില്ല. ധനവും സമയവും മാത്രമല്ല, ജീവൻപോലും ത്യജിക്കുവാനും തയ്യാർ. അങ്ങനെചെയ്യുവാൻ സാധിച്ചതിൽ സന്തോഷിക്കുന്നവരുമായിരിക്കും അവർ.

റോബർട്ട് ആർതിങ്ടനെപോലെ അവരും പറയും: "ക്രിസ്തുവിന്റെ ജ്ഞാനം പ്രാപിക്കാതെ നശിച്ചുപോകുന്നവർക്കുവേണ്ടി തറയിൽ കിടന്നുറങ്ങാനും, ഒരു പെട്ടി എന്റെ കസേരയും മറ്റൊരു പെട്ടി മേശയായി ഉപയോഗിക്കാനും തയ്യാറാണ്."

ഒരുവിധത്തിൽ പറഞ്ഞാൽ കർത്താവിന്റെ ശിഷ്യന്മാർ എല്ലാവരും അസാധാരണക്കാരായിരുന്നു. സ്വതസിദ്ധമായ പ്രകൃതത്തിന് കടകവിരുദ്ധമായ രീതിയിലായിരുന്നു അവരുടെ പോക്ക്. സാധാരണ ജീവിതത്തിന്റെ നൂലാമാലകൾ അവർക്ക് അന്യമായിരുന്നു. ഒഴിച്ചുകൂടാൻ

പറ്റാത്ത സൗകര്യങ്ങൾ എന്നു സാധാരണക്കാർ കരുതുന്നവയെല്ലാം അവർ കർത്താവിനുവേണ്ടി ചേതം എന്നെണ്ണി. കർത്താവിനെ അനുഗമിക്കുന്ന അവർ അവന്റെ ആജ്ഞാനുസാരികളാണ്. അവർ ആജ്ഞാപിക്കാറില്ല, അനുസരിക്കുക മാത്രമാണു ചെയ്യുന്നത്.

ഭക്തനായ ഒരു ക്രിസത്യാനി പരദേശിയും അപരിചിതനുമാണ്. അന്യമായ ഒരു സ്ഥലത്ത് പ്രയാണം ചെയ്യുന്നവനും അവിടെയുള്ള വരോട് വിശ്വസ്തമായി സാക്ഷീകരിക്കുന്നവനുമാണ്. എന്നാൽ അവിടെയുള്ളതൊന്നും തന്റെമേൽ ആധിപത്യം സ്ഥാപിക്കുവാൻ അവൻ അനുവദിക്കുന്നില്ല.

സുഹൃത്തുക്കളെ നേടണം എന്ന താല്പര്യക്കാരനല്ല താൻ. ലോകമോഹങ്ങളില്ല. മരണഭയമില്ല, ഉന്നതസ്ഥാനമോ ഏതു രാജ്യത്തായിരിക്കണമെന്നോ ഏതവസ്ഥയിലായിരിക്കണമെന്നോ നിർബന്ധമില്ലാത്തവനായിരിക്കും താൻ. ഏകചിന്തയുള്ള മനുഷ്യനാണു താൻ; അത് കർത്താവിന്റെ സുവിശേഷമാണ്. ഏക ലക്ഷ്യമുള്ളവനാണു താൻ; അത് ദൈവത്തിന്റെ മഹത്വമാണ്. ഒരു ഭോഷനാണ്; കർത്താവിനുവേണ്ടി ഭോഷനാകുന്നതിൽ അഭിമാനം കൊള്ളുന്നവൻ. ലോകമവനെ ആവേശക്കാരനെന്നോ മതഭ്രാന്തനെന്നോ വിടുവായനെന്നോ വിവരം കെട്ടവനെന്നോ എന്തും വിളിച്ചുകൊള്ളട്ടെ. അവൻ പ്രത്യേക വിശേഷതകളൊന്നുമില്ലാത്തവൻ ആയിക്കൊള്ളട്ടെ. അവരവനെ കച്ചവടക്കാരൻ, വീട്ടുകാരൻ, പൗരൻ, തന്റേടമുള്ളവൻ, ലോകമനുഷ്യൻ, അറിവുള്ളവൻ, സാമാന്യബോധമുള്ളവൻ എന്നൊക്കെ വിളിച്ചാലും അവന്റെ സ്വഭാവമനുസരിച്ച് അതു ശരിയാണ്. അവൻ സംസാരിക്കണം അല്ലെങ്കിൽ മരിക്കണം, അവൻ മരിച്ചാലും സംസാരിച്ചുകൊണ്ടിരിക്കും. അവർക്കു വിശ്രമമില്ല, കരയിലും കടലിലും യാത്രചെയ്യണം, മലകളിലൂടെയും വഴിത്താരകളില്ലാത്ത മരുഭൂമിയിലൂടെയും പോകണം. അവർ ഉച്ചത്തിൽ വിളിക്കുന്നു, ഇടതടവില്ലാതെ. കാരഗൃഹങ്ങളിൽ അവർ പാടും, കടലിലെ കൊടുങ്കാറ്റിലും അവർ പാടാതിരിക്കില്ല. ഭരണകൂടങ്ങളുടെ മുമ്പിലും രാജാക്കന്മാരുടെ മുമ്പിലും അവർ സത്യത്തിനു സാക്ഷിപറയുന്നു. മരണത്തിനല്ലാതെ അവരുടെ ശബ്ദത്തെ അടക്കാനാവില്ല; മരണത്തിന്റെ മധ്യത്തിലും തീജ്വാലയിലും പുകച്ചുരുളുകളിലും ആത്മാവ് ശ്വാസംമുട്ടുന്നു; എന്നാലും

അവർ സംസാരിക്കുന്നു, അവർ പ്രാർഥിക്കുന്നു, അവർ സാക്ഷിക്കുന്നു, അവർ ഏറ്റുപറയുന്നു, അവർ അപേക്ഷിക്കുന്നു, അവർ പോരാടുന്നു; അങ്ങനെയൊടുവിൽ ക്രൂരതകാട്ടിയവരെ അവർ അനുഗ്രഹിക്കുന്നു.

ഇത്തരത്തിലുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കുംവേണ്ടി കർത്താവ് ഇന്നു നോക്കിക്കൊണ്ടിരിക്കുന്നു. ലക്ഷ്യമില്ലാതെ തന്റെ പാതയിലൂടെ നീങ്ങുന്ന കൂട്ടത്തെയല്ല അവൻ എപ്പോഴുമെന്നതുപോലെ നോക്കിക്കൊണ്ടിരിക്കുന്നത്. അവൻ നമുക്കു മുമ്പെ കടന്നുപോയ സ്വയത്യാഗത്തിന്റെ പാതയിലൂടെ നടക്കുവാൻ അവനാഗ്രഹിക്കുന്നുവെന്നു മനസ്സിലാക്കിക്കൊണ്ട് ചഞ്ചലമില്ലാത്തവരായി നടക്കുന്ന സത്രീ പുരുഷന്മാരെയാണ് അവൻ നോക്കിക്കൊണ്ടിരിക്കുന്നത്.

റോളൻഡ് ഹില്ലിനെപ്പോലെയുള്ളവർക്കായി അവനാഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ, "ചുടുനിശ്വാസത്തോടെ ഹൃദയത്തിൽനിന്ന് ഒഴുകി." "രക്തത്തിളപ്പിനു" പേരുകേട്ട ചാമേഴ്സിനെപ്പോലെയുള്ളവരെ അവനാവശ്യമാണ്. "ദൈവത്തിനുവേണ്ടി ഇപ്പോൾ ഞാൻ എരിഞ്ഞുതീരട്ടെ" എന്നു പറഞ്ഞ ഹെൻട്രി മാർട്ടിനെപ്പോലെയുള്ളവരെയാണ് അവനാവശ്യം.

ജീവിതത്തിന്റെ നല്ല വർഷങ്ങൾ വ്യാപാരത്തിനുവേണ്ടി കൊടുക്കുവാൻ അനവധി യുവജനങ്ങൾ ഇന്നു തയ്യാറാണ്. അവരുടെ രാജ്യത്തിനുവേണ്ടി മരിക്കാൻ അവർ തയ്യാറാണ്. വലിയ ശമ്പളത്തിനുവേണ്ടി ലോകമെമ്പാടും അവർ യാത്രചെയ്യും. രാപകലില്ലാതെ രാഷ്ട്രീയപ്പാർട്ടികൾക്കുവേണ്ടി അധ്വാനിക്കും.

സംഗീതജ്ഞന്മാരാകുവാൻ വിരൽത്തുമ്പു മുഴുവനും ഉരച്ചുകളയുവാൻ തയ്യാറാണ്. പുരോഹിതനോ കന്യാസ്ത്രീയോ ആകുവാൻ അവർ പ്രതിജ്ഞയെടുക്കും. നടീനടന്മാരാകുവാൻ നീണ്ട ഡയലോഗുകൾ കാണാതെ പഠിക്കും. ചില തൊഴിൽവൈദഗ്ധ്യം നേടുവാൻ നീണ്ട പത്തുവർഷങ്ങൾ വേണമെങ്കിലും പരിശീലനം നേടും. കർത്താവായ യേശുക്രിസ്തുവിനുവേണ്ടി എന്തു ചെയ്യാനാണു നീ താല്പര്യപ്പെടുന്നത്? ഹൃദയത്തിന്റെ ഒരു ഭാഗമോ പകുതിയോ അല്ല, "സർവവും" അവനുവേണ്ടി സമർപ്പിക്കുമോ?